# PROSE, BASIC GRAMMAR AND TRANSLATION

BA MALAYALAM

II Semester

Complementary Course - Sanskrit

(2014 Admission)

UNIVERSITY OF CALICUT

SCHOOL OF DISTANCE EDUCATION

Calicut University P.O. Malappuram, Kerala-673 635

1002

# UNIVERSITY OF CALICUT

SCHOOL OF DISTANCE EDUCATION

**II Semester**

**B.A.MALAYALAM**

**Complementary Course - Sanskrit**

2014 Admission

## PROSE, BASIC GRAMMAR AND TRANSLATION

Prepared by: *Dr.Indira,*
*Guest Lecturer Department of Sanskrit,*
*Sreekrishnapuram VTB College, Palakkad.*

Scrutinised By: *Sri.M.K.Narayanan Namboodiri,*
*Associate Professor, Department of Sanskrit,*
*Sreekrishnapuram VTB College, Palakkad.*

Layout: *Computer Section, SDE*

©
Reserved

# MODULE I

## PROSE LITERATURE – DIVISIONS AND CHARACTERISTICS

**Essential reading**

Balaramayana by P.S. Ananthanarayana Sastri (Balakanda only) published by R.S. Vadhyar & Sons, Kalpathi, Palakkad.

**Additional reading**

1. Kuttikalate Ramayanam – Mathrubhumi publications
2. Adhytma Ramayana – by Thunchath Ezhuthacchan

## BALARAMAYANA (BALAKANDA ONLY)

## बालरामायणम् (बालकाण्डम्)

**कल्याणानां निधानं कलिमलमथनं पावनं पावनानां**
**पाथेयं यन्मुमुक्षोः सपदि परपदप्राप्तये प्रस्थितस्य।**
**विश्रामस्थानमेकं कविवरवचसां जीवनं सज्जनानां**
**बीजं धर्मद्रुमस्य प्रभवतु भवतां भूतये रामनाम।।**

കല്യാണാനാം നിധാനം കലിമലമഥനം പാവനം പാവനാനാം
പാഥേയം യന്മുമുക്ഷോഃ സപദി പരപദപ്രാപ്തയേ പ്രസ്ഥിതസ്യ
വിശ്രാമസ്ഥാനമേകം കവിവരവചസാം ജീവനം സജ്ജനാനാം
ബീജം ധർമദ്രുമസ്യ പ്രഭവതു ഭവതാം ഭൂതയേ രാമനാമ.

മംഗളങ്ങളുടെയെല്ലാം ഇരിപ്പിടവും കലിയുഗദോഷങ്ങളെ ഇല്ലായ്മചെയ്യുവാൻ പ്രാപ്തവും പാവനന്മാർക്ക് പരിശുദ്ധവും ദ്രുതഗതിയിൽ പരമപദമായ മോക്ഷം ലഭിക്കുന്നതിനു വേണ്ടി പുറപ്പെട്ട മുമുക്ഷുക്കൾക്ക് പാഥേയ (യാത്രയിൽ യോഗ്യ) മായിരിക്കുന്നതും ഒരേയൊരു വിശ്രമസ്ഥാനമായിരിക്കുന്നതും ശ്രേഷ്ഠന്മാരും സജ്ജനങ്ങളും ആയ കവിവചസ്സുകൾക്ക് ജീവനവും ധർമ്മമാകുന്ന വൃക്ഷത്തിന്ന് വിത്തുമായ ശ്രീരാമദേവന്റെ നാമധേയം ഭവാന്മാർക്ക് ഐശ്വര്യത്തിനായി ഭവിക്കട്ടെ.

ഭാരതീയപാരമ്പര്യമനുസരിച്ച് ഏതൊരു കാര്യം ചെയ്യുമ്പോഴും മംഗളം അനുഷ്ഠിക്കുക എന്നൊരു പതിവുണ്ട്. കാവ്യത്തിന്റെ പ്രയോജനങ്ങൾ വിലയിരുത്തിയ കാവ്യപ്രകാശകാരനായ മമ്മടഭട്ടൻ പ്രവചിച്ച പരമാർത്ഥങ്ങളിൽ ശിവേതരക്ഷതയേ എന്ന നിർദ്ദേശത്തിന് സകലദാർശനചശ ന്മാർക്കും സാഹിത്യാസ്വാദകന്മാർക്കും ബ്രഹ്മാനന്ദികൾക്കും ബ്രഹ്മാനന്ദ സഹോദരന്മാർക്കും സമരസമായ അഭിപ്രായം തന്നെയാണുള്ളത്. ബുദ്ധിശുദ്ധിക്കും അമംഗളനിവൃത്തിക്കും മംഗളം ചെയ്യണമെന്ന് ശാസ്ത്രം നിർദ്ദേശിക്കുന്നു. ആയതിനാൽ ഇവ്വിധമുള്ള പാരമ്പര്യത്തെ പരിഗണിച്ചു പോരുന്ന പി.എസ്.അനന്തനാരായണശാസ്ത്രികളും സ്വന്തം ബാലരാമായണത്തിൽ മംഗളം ചെയ്തിരിക്കുന്നത് ഉചിതം തന്നെ. ആശീർനമസ്ക്രിയാവസ്തുനിർദ്ദേശോ വാപി തന്മുഖം എന്ന കവിമൊഴിയ നുസരിച്ച് ആശിസ്സോ, നമസ്കാരമോ വസ്തുവിന്റെ നിർദ്ദേശമോ കാവ്യമുഖമാകാം. ഇവിടെയാകട്ടെ രാമനാമം ഭവാന്മാർക്ക് ഐശ്വര്യത്തിനായി ഭവിക്കട്ടെ എന്നു പറഞ്ഞിരിക്കുന്നതിനാൽ ആശിസ്സാണ് കാവ്യമുഖം.

## ബാലകാണ്ഡത്തിലെ കഥാസാരം

കോസലം എന്ന സമ്പന്നമായ രാജ്യത്തിൽ മനുവിനാൽ നിർമ്മിതമായ പ്രസിദ്ധമായ അയോദ്ധ്യ എന്ന ഒരു പട്ടണമു ണ്ടായിരുന്നു. അവിടുത്തെ രാജാവായിരുന്ന ദശരഥന് കൗസല്യ, കൈകേയി, സുമിത്ര എന്നീ മൂന്നു ഭാര്യന്മാരുണ്ടായിരുന്നിട്ടും അവരിലൊന്നും പുത്രന്മാരെ ലഭിച്ചില്ല. പുത്രലബ്ധിക്കുവേണ്ടി പുരോഹിത നായ വസിഷ്ഠനെക്കൊണ്ട് ഋഷ്യശൃംഗനെ മുൻ നിർത്തി പുത്രകാമേഷ്ടി നടത്തുകയും യജ്ഞകുണ്ഡത്തിൽ നിന്ന് ദിവ്യപായസവുമെടുത്ത് ഉയർന്നുവന്ന ബ്രഹ്മാവിന്റെ ദൂതൻ പായസം ദശരഥനെ ഏൽപ്പിച്ച് ഭാര്യമാർക്ക് കൊടുക്കുവാൻ നിർദ്ദേശിച്ചു. പങ്കുവെച്ച് ഭാര്യമാർക്ക് പായസം നല്കുകയും ദിവ്യഗർഭം ധരിച്ച് കൗസല്യ കൈകേയി സുമിത്ര എന്നിവർ യഥാക്രമം രാമൻ, ഭരതൻ, ലക്ഷ്മണശത്രുഘ്നന്മാർ എന്നിവർക്ക് ജന്മംനല്കുകയും ചെയ്തു. കുട്ടിക്കാലം കഴിഞ്ഞ രാജപുത്രന്മാർ സമസ്തവേദങ്ങളിലും ശാസ്ത്രങ്ങളിലും പാണ്ഡിത്യം നേടുകയും ആ രാജപുത്രന്മാരെ ലഭിച്ചതിൽ ദശരഥൻ വളരെയധികം സന്തുഷ്ടനാകുകയും ചെയ്തു. മക്കളുടെ വിവാഹത്തെ ക്കുറിച്ച് ചിന്തിക്കുന്ന അവസരത്തിങ്കൽ വിശ്വാമിത്രമഹർഷി അയോദ്ധ്യയിലേക്ക് ചെല്ലുകയും താൻ നടത്തുന്ന യജ്ഞ ത്തിന്റെ രക്ഷക്കായി രാമനെ വിട്ടുതരുവാൻ യാചിക്കുകയും ചെയ്തു. വളരെ പ്രയാസപ്പെട്ട് രാമനെ വിട്ടുകൊടു ക്കുകയും രാമനെ അനുഗമിച്ച ലക്ഷ്മണനേയും സ്വീകരിച്ച് പോകുന്ന വഴിയിൽവെച്ച് വിശപ്പും ദാഹവും അടങ്ങുവാൻ ബല അതിബല എന്നീ മന്ത്രങ്ങൾ ഉപദേശിക്കുകയും ചെയ്തു. യാത്രക്കിടയിൽ ആൾപ്പാർപ്പില്ലാത്ത ഒരു ഘോരവനം കണ്ടിട്ട് വനത്തെ ക്കുറിച്ചാരായുകയും ചെയ്തു. ആ സമയത്ത് ആയിരം ആനകളുടെ കരുത്തുള്ള താടക എന്ന രാക്ഷസി ആ വനത്തിൽ താമസിക്കുന്നതായി കേട്ടു. വിശ്വാമിത്രന്റെ ആജ്ഞയനുസരിച്ച് രാമൻ താടകയെ വധിക്കുകയും ചെയ്തു. അതിനുശേഷം യജ്ഞശാലസംരക്ഷണത്തിൽ വ്യഗ്ര ആയിരിക്കുന്ന രാമനെ യജ്ഞം പിന്നിട്ട് ആറാം ദിവസം സുബാ ഹുമാരീചന്മാർ ആക്രമി ക്കുകയും അവരെ വധിച്ച് യോജനകൾക്കകലെ എറിയുകയും ചെയ്തു. അനന്തരം സന്തുഷ്ടനായ വിശ്വാമിത്രൻ മിഥിലയിൻ നടക്കുന്ന യജ്ഞത്തെക്കുറിച്ച് രാമനോടു പറയുകയും അവിടുത്തെ ശൈവചാപത്തിന്റെ മാഹാത്മ്യം വെളിപ്പെടുത്തുകയും ശൈവചാപത്തെ ഭഞ്ജിച്ചാൽ മിഥിലാധിപന്റെ പുത്രിയായ മൈഥിലിയെ ലഭിക്കുമെന്ന് അരുളിച്ചെയ്യുകയും ചെയ്തു. സീതാസ്വയംവരത്തിനായി രാമൻ ശൈവചാപം ഭഞ്ജിച്ച് സ്വന്തം കഴിവു തെളിയിക്കുകയും ചെയ്തു. ഈ കഴിവിന്റെ ഫലമായി ലഭിച്ച സീതയേയും മറ്റു സഹോദരന്മാർ വിവാഹം ചെയ്ത ഊർമ്മിള, മിഥിലാധിപന്റെ സഹോദരനായ കുശധ്വജന്റെ പുത്രിമാരായ മാണ്ഡവി ശ്രുതകീർത്തി എന്നിവരുമായി സന്തോഷം പങ്കിടുകയും ശൈവചാപം ഒടിച്ചതറിഞ്ഞ് പരശുരാമൻ വരികയും തന്റെ ഗുരുവിന്റെ വില്ലൊ ടിച്ചതിൽ മനം നൊന്ത് രാമനുമായി യുദ്ധത്തിലേപ്പെടുകയും രാമൻ അതിനെ കളിയെന്ന ലാഘവത്തിൽ എടുക്കുകയും പരശുരാമന്റെ അഹംകാരാദികൾക്ക് ശമനം ഉണ്ടാക്കുകയും ചെയ്തു. തപസ്സുകൊണ്ടാർജ്ജിച്ച എല്ലാ വീര്യവും ശ്രീരാമൻ നശിപ്പിക്കുകയും ആ ശക്തി വീണ്ടെടുക്കുവാൻ വീണ്ടും മഹേന്ദ്രപർവ്വതത്തിലേക്ക് പോയി. മക്കളെല്ലാവരോടും കൂടെ ഭാര്യമാരുമൊത്ത് ദശരഥൻ വളരെ സുഖമായിക്കഴിഞ്ഞു.

**ബാലകാണ്ഡത്തിലെ കഥ കവിയുടെ വാക്കുകളിലൂടെ നമുക്കൊന്ന് പരിചയപ്പെടാം.**

कोसलनाम्नि समृद्धिमति जनपदे लोकविश्रुता मनुना स्वयं निर्मिता अयोध्या नाम नगरी आसीत्। तस्यां धर्मपरो विजितेन्द्रियो वैश्रवणोपमो लोकस्य परिरक्षिता दशरथो नाम राजर्षिरवर्तत। तस्य च कौसल्या कैकेयी सुमित्रेति तिस्रो भार्याः अभवन्। महात्मनस्तस्य राजर्षेः सुतार्थं तप्यमानस्यापि सुतो नाजायत। ततः स राजा पुरोधसा वसिष्ठेन ऋष्यशृङ्गं पुरस्कृत्य पुत्रार्थं यज्ञकर्म कारयामास। तस्मिन् यज्ञकर्मणि हुतवहात् प्रादुर्भूतो दिव्यपायससम्पूर्णं पात्रं दोर्भ्यां धारयन् प्राजापत्यः पुरुषः राजानमेवमब्रवीत्- 'नृपशार्दूल! प्रजाकरमिदं देवनिर्मितं पायसं गृहाण, प्रयच्छ चानुरूपाभ्यो महिषीभ्यः, तासु त्वं लप्स्यसे पुत्रान्' इति। नृपतिः तथेति तत्प्रतिगृह्य तं पुरुषमभिवाद्य परमया मुदा समपूजयत्। परमभास्वरो दिव्यपुरुषः तत्रैवान्तर्दधे। प्रहृष्टो नरपतिरन्तःपुरं प्रविश्य कौसल्यायै पायसार्धं प्रथमं प्रददौ। द्वितीयादर्धादर्धं सुमित्रायै ददौ। ततोऽवशिष्टस्यार्धं कैकेय्यै दत्वा पुनरवशिष्टं सुमित्रायै प्रददौ। ताः महीपतेरुत्तमस्त्रियः पायसं तत्प्राश्य नाचिरेणैव तेजस्विनो गर्भानधारयन्। ततश्च द्वादशे मासि नवम्यां तिथौ पुनर्वसुनक्षत्रे पञ्चसु ग्रहेषु स्वोच्चस्थानं गतेषु कौसल्या दिव्यलक्षणसंयुतं राममजनयत्, कैकेय्यां सत्यपराक्रमो भरतः जज्ञे, सुमित्रायां वीरौ लक्ष्मणशत्रुघ्नौ च जज्ञाते।

കോസലനാമ്നി സമൃദ്ധിമതി ജനപദേ ലോകവിശ്രുതാ മനുനാ സ്വയം നിർമിതാ അയോധ്യാ നാമ നഗരീ ആസീത്. തസ്യാം ധർമപരോ വിജിതേന്ദ്രിയോ വൈശ്രവണോപമോ ലോകസ്യ പരിരക്ഷിതാ ദശരഥോ നാമ രാജർഷിരവർതത. തസ്യ ച കൗസല്യാ കൈകേയീ സുമിത്രേതി തിസ്രോ ഭാര്യാഃ അഭവൻ. മഹാത്മനസ്തസ്യ രാജർഷേഃ സുതാർഥം തപ്യമാനസ്യാപി സുതോ നാജായത. തതഃ സ രാജാ പുരോധസാ വസിഷ്ഠേന ഋഷ്യശൃംഗം പുരസ്കൃത്യ പുത്രാർഥം യജ്ഞകർമ കാരയാമാസ. തസ്മിൻ യജ്ഞകർമണി ഹുതവഹാത് പ്രാദുർഭൂതോ ദിവ്യപായസസമ്പൂർണ്ണം പാത്രം ദോർഭ്യാം ധാരയൻ പ്രാജാപത്യഃ പുരുഷോ രാജാനമേവമബ്രവീത്–നൃപശാർദൂല, പ്രജാകരമിദം ദേവനിർമിതം പായസം ഗൃഹാണ, പ്രയച്ഛ ചാനുരൂപാഭ്യോ മഹിഷീഭ്യഃ, താസു ത്വം ലപ്സ്യസേ പുത്രാൻ ഇതി. നൃപതിഃ തഥേതി തത്പ്രതിഗൃഹ്യ തം പുരുഷമഭിവാദ്യ പരമയാ മുദാ സമപൂജയത്. പരമഭാസ്വരോ ദിവ്യപുരുഷഃ തത്രൈവാന്തർദധേ. പ്രഹൃഷ്ടോ നരപതിരന്തഃപുരം പ്രവിശ്യ കൗസല്യായൈ പായസാർധം പ്രഥമം പ്രദദൗ. ദ്വിതീയാദർധാദർധം സുമിത്രായൈ ദദൗ; തതോവശിഷ്ടസ്യാർധം കൈകേയ്യൈ ദത്വാ പുനരവശിഷ്ടം സുമിത്രായൈ പ്രദദൗ. താഃ മഹീപതേരുത്തമസ്ത്രിയഃ പായസം തത്പ്രാശ്യ നാചിരേണൈവ തേജസ്വിനോ ഗർഭാനധാരയൻ. തതശ്ച ദ്വാദശേ മാസി നവമ്യാം തിഥൗ പുനർവസുനക്ഷത്രേ പഞ്ചസു ഗ്രഹേഷു സ്വോച്ചസ്ഥാനം ഗതേഷു കൗസല്യാ ദിവ്യലക്ഷണസംയുതം രാമമജനയത്, കൈകേയ്യാം സത്യപരാക്രമോ ഭരതോ ജജ്ഞേ, സുമിത്രായാം വീരൗ ലക്ഷ്മണശത്രുഘ്നൗ ച ജജ്ഞാതേ.

കോസലം എന്നു പേരുള്ള സമ്പന്നമായ രാജ്യത്തിൽ കീർത്തികേട്ട മനുവിനാൽ സ്വയം നിർമ്മിക്കപ്പെട്ട അയോദ്ധ്യ എന്നുപേരായ നഗരം ഉണ്ടായിരുന്നു. അവിടെ ധർമ്മതത്പരനും ഇന്ദ്രിയനിഗ്രഹം ചെയ്തവനും കുബേരതുല്യനും ലോകത്തെ സംരക്ഷിക്കുന്നവനും ആയ ദശരഥൻ എന്നു പേരായ രാജർഷിയുണ്ടായിരുന്നു. അദ്ദേഹത്തിന് കൗസല്യ, കൈകേയി, സുമിത്ര എന്നീ മൂന്നു ഭാര്യമാരും ഉണ്ടായിരുന്നു. മഹാത്മാവായ ആ രാജർഷിക്ക് പുത്രനുവേണ്ടി തപസ്സുചെയ്തെങ്കിലും പുത്രനൊന്നും ജനിച്ചില്ല. അതുകൊണ്ട് ആ രാജാവ് പുരോഹിതനായ വസിഷ്ഠനെക്കൊണ്ട് ഋഷ്യശൃംഗന്റെ നേതൃത്വത്തിൽ പുത്രനുവേണ്ടിയുള്ള യജ്ഞകർമ്മം ചെയ്യിച്ചു. ആ യജ്ഞത്തിൽ അഗ്നി യിൽനിന്നും ഉയർന്നുവന്ന ദിവ്യമായ പായസം നിറച്ച പാത്രം ഇരുകൈകളുംകൊണ്ടെടുത്ത പ്രജാപതിയുടെ ദൂതനായ പുരുഷൻ രാജാവിനോട് ഇപ്രകാരം പറഞ്ഞു–അല്ലയോ രാജശ്രേഷ്ഠ, പ്രജകളെ ഉണ്ടാക്കുവാൻ പ്രാപ്തമായ ദേവനാൽ നിർമ്മിക്കപ്പെട്ട പായസം സ്വീകരിച്ചുകൊള്ളൂ, അനുരൂപരായ ഭാര്യമാർക്ക് ഇത് നല്കിയാലും, അവരിൽ അങ്ങേക്ക് പുത്രന്മാരെ ലഭിക്കും എന്ന്. രാജാവ് അപ്രകാരം തന്നെ എന്ന് ദൂതന്റെ വാക്കുകളെ ശിരസ്സാ വഹിച്ച് ആ പുരുഷനെ അഭിവാദ്യം ചെയ്ത് വലിയ സന്തോഷത്തോടെ അദ്ദേഹത്തെ പൂജിച്ചു. അങ്ങേയറ്റം തേജസ്വിയായ ആ ദിവ്യപുരുഷൻ അവിടെത്തന്നെ അന്തർധാനം ചെയ്തു. സന്തുഷ്ടനായ രാജാവ് അന്തഃപുരത്തിലേക്ക് പ്രവേശിച്ചിട്ട് പായസത്തിന്റെ പകുതി ആദ്യമേ കൗസല്യക്ക് നല്കി. രണ്ടാമത്തെ പകുതിയുടെ പകുതി സുമിത്രക്കും കൊടുത്തു. ബാക്കിയുള്ളതിന്റെ പകുതി കൈകേയിക്ക് നല്കുകയും അവശേഷിച്ചത് കൗസല്യക്ക് കൊടു ക്കുകയും ചെയ്തു. രാജാവിന്റെ ഉത്തമസ്ത്രീകളായ അവർ ആ ദിവ്യപായസം കഴിച്ച് വളരെ വൈകാതെ തന്നെ തേജസ്സുറ്റ ഗർഭങ്ങൾ ധരിച്ചു. അനന്തരം പന്ത്രണ്ടാമത്തെ മാസത്തിൽ നവമി തിഥിയിൽ പുണർതം നക്ഷത്രത്തിൽ അഞ്ചു ഗ്രഹങ്ങൾ ഉച്ചസ്ഥാനത്തു നില്ക്കുമ്പോൾ കൗസല്യ ദിവ്യലക്ഷണത്തോടു കൂടിയ രാമനു ജന്മം നല്കി, കൈകേയിയിൽ സത്യപരാക്രമനായ ഭരതൻ ജനിച്ചു. സുമിത്രയിൽ വീരന്മാരായ ലക്ഷ്മണനും ശത്രുഘ്നനും ജനിച്ചു.

## सन्धिच्छेदः

राजर्षिरवर्तत-राजर्षिः अवर्तत। सुमित्रेति-सुमित्रा इति। महात्मनस्तस्य - महात्मनः तस्य। तप्यमानस्यापि—तप्यमानस्य अपि। सुतो नाजायत-सुतः न अजायत। राजानमेवमब्रवीत्-राजानम् एवम् अब्रवीत्। चानुरूपाभ्यः-च अनुरूपाभ्यः। तथेति— तथा इति। तत्प्रतिगृह्य — तत् प्रतिगृह्य। पुरुषमभिवाद्य — पुरुषम् अभिवाद्य। तत्रैवान्तर्दधे—तत्र एव अन्तर्दधे। नरपतिरन्तःपुरं—नरपतिः अन्तःपुरम्। द्वितीयादर्धादर्धं — द्वितीयात् अर्धात् अर्धम्। ततोऽवशिष्टस्यार्धं-ततः अवशिष्टस्य अर्धम्। पुनरवशिष्टं-पुनः अवशिष्टम्। महीपतेरुत्तमस्त्रियः-महीपतेः उत्तमस्त्रियः। तत्प्राश्य-तत् प्राश्य। नाचिरेणैव—न अचिरेण एव। गर्भानधारयन्—गर्भान् अधारयन्। ततश्च—ततः च। राममजनयत् - रामम् अजनयत्।

ते च राजपुत्राः शैशवमतीत्य साङ्गेषु वेदेषु च सर्वेषु शास्त्रेषु नैपुण्यं प्रत्यपद्यन्त। परस्परमतिमात्रमनुरक्तानां तेषां मध्ये लक्ष्मणस्य ज्येष्ठे रामे शत्रुघ्नस्य च भरते काप्यसाधारणी प्रीतिरभवत्। राजा दशरथश्चतुर्भिर्महाभागैः पुत्रैः परमप्रीतो बभूव। विवाहार्हं वयः प्राप्तानां तेषां दारक्रियां प्रति चिन्तयति दशरथे विश्वामित्रो महामुनिरयोध्यां प्रपेदे।

തേ ച രാജപുത്രാഃ ശൈശവമതീത്യ സാംഗേഷു വേദേഷു ച സർവേഷു ശാസ്ത്രേഷു നൈപുണ്യം പ്രത്യപദ്യന്ത. പരസ്പരമതിമാത്രമനുരക്താനാം തേഷാം മധ്യേ ലക്ഷ്മണസ്യജ്യേഷ്ഠേ രാമേ ശത്രുഘ്നസ്യ ച ഭരതേ കാപ്യസാധാരണീ പ്രീതിരഭവത്. രാജാദശരഥശ്ചതുർഭി മഹാഭാഗൈഃ പുത്രൈഃ പരമപ്രീതോ ബഭൂവ. വിവാഹാർഹം വയഃപ്രാപ്താനാം തേഷാം ദാരക്രിയാം പ്രതി ചിന്തയതി ദശരഥേ വിശ്വാമിത്രോ മഹാമുനിരയോധ്യാം പ്രപേദേ.

ആ രാജപുത്രനാർ ബാല്യകാലം കഴിഞ്ഞിട്ട് അംഗങ്ങളോടു കൂടിയ (ശിക്ഷ, കല്പം, ജ്യോതിഷം, വ്യാകരണം, ഛന്ദസ്സ്, നിരുക്തം) വേദങ്ങളിലും (ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവവേദം)എല്ലാ ശാസ്ത്രങ്ങളിലും സാമർഥ്യം സമ്പാദിച്ചു. പരസ്പരം തികച്ചും സ്നേഹമുള്ള അവരുടെ ഇടയിൽ ലക്ഷ്മണന് ജ്യേഷ്ഠനായ രാമനിലും ശത്രുഘ്നന് ഭരതനിലും അലൗകി കമായ ഒരടുപ്പം ഉണ്ടായിരുന്നു. രാജാവായ ദശരഥൻ മഹാത്മാക്കളായ നാലുപുത്രന്മാരാൽ വളരെ സന്തുഷ്ടനായിരുന്നു. വിവാഹത്തിന് യോഗ്യമായ പ്രായമുള്ള അവരുടെ വിവാഹത്തെ ക്കുറിച്ച് ദശരഥൻ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ മഹാമുനിയായ വിശ്വാമിത്രൻ അയോധ്യയിലേക്ക് വന്നു.

**सन्धिच्छेदः**

शैशवमतीत्य - शैशवम् अतीत्य। परस्परमतिमात्रमनुरक्तानां – परस्परम् अतिमात्रम् अनुरक्तानाम्। काप्यसाधारणी – का अपि असाधारणी। प्रीतिरभवत् – प्रीतिः अभवत्। दशरथश्चतुर्भिर्महाभागैः - दशरथः चतुर्भिः महाभागैः। महामुनिरयोध्यां - महामुनिः अयोध्याम्।

दशरथस्तमतिथिं प्रत्युद्गम्य यथाविधि समपूजयत्। मुनिरपि प्रतिगृह्य तां पूजां, पुरे कोशे राष्ट्रे जनपदे बान्धवेषु सुहृत्सु च राज्ञः कुशलं पर्यपृच्छत्। अथ हृष्टमना राजा विश्वामित्रमुवाच-'भगवन्! स्वागतं ते, अपुत्रस्येव पुत्रजन्म, तवेदमागमनं मन्ये। कं वा भवतः कामं करवाणि' इति।

ദശരഥസ്തമതിഥിം പ്രത്യുദ്ഗമ്യ യഥാവിധി സമപൂജയത്. മുനിരപി പ്രതിഗൃഹ്യ താം പൂജാം പുരേ കോശേ രാഷ്ട്രേ ജനപദേ ബാന്ധവേഷു സുഹൃത്സു ച രാജ്ഞഃ കുശലം പര്യപൃച്ഛത്. അഥ ഹൃഷ്ടമനാ രാജാ വിശ്വാമിത്രമുവാച–ഭഗവൻ സ്വാഗതം തേ, അപുത്രസ്യേവ പുത്രജന്മ തവേദമാഗമനം മന്യേ. കം വാ ഭവതഃ കാമം കരവാണി ഇതി.

ദശരഥൻ ആ അതിഥിയെ സമീപിച്ച് വിധിപോലെ പൂജിച്ചു. മുനിയും ആ പൂജയെ വേണ്ടപോലെ സ്വീകരിച്ചിട്ട് പുരത്തിലും കോശത്തിലും (ഖജനാവ്) രാഷ്ട്രത്തിലും ഗ്രാമത്തിലും ബന്ധുക്കളിലും സുഹൃത്തുക്കളിലും രാജാവിന്റെ ക്ഷേമത്തെ തിരക്കി. അനന്തരം സന്തുഷ്ടനായ രാജാവ് വിശ്വാമിത്രനോടു പറഞ്ഞു–അല്ലയോ ഭഗവാനേ! അങ്ങേക്ക് സ്വാഗതം. പുത്രനില്ലാത്തവന് പുത്രനെ ലഭിച്ചതുപോലെ അങ്ങയുടെ ഈ വരവിനെ ഞാൻ കണക്കാക്കുന്നു. അങ്ങയുടെ എന്ത് ആഗ്രഹത്തെയാണ് ഞാൻ നിറവേറ്റേണ്ടത് എന്ന്.

**सन्धिच्छेदः**

दशरथस्तमतिथिं-दशरथः तमतिथिम्। मुनिरपि-मुनिः अपि। विश्वामित्रमुवाच-विश्वामित्रम् उवाच। अपुत्रस्येव-अपुत्रस्य इव। तवेदमागमनं-तव इदम् आगमनम्।

महातेजा विश्वामित्रः प्रत्यभाषत-'राजन्! सर्वमेतदुपपन्नं महावंशप्रसूते वसिष्ठशिष्ये च भवति। अहं यदर्थमागतोऽस्मि तदाकर्ण्यताम्। सिध्यर्थं नियममातिष्ठतो मे सुबाहुमारीचौ राक्षसौ विघ्नकरौ वर्तेते। न च मे व्रतमध्ये क्रोधावेशो युज्यत इति शापेन तयोर्निवारणमशक्यम्। तयोर्विनाशाय ज्येष्ठं पुत्रं रामं मे दातुमर्हसि' इति।

മഹാതേജാ വിശ്വാമിത്രഃ പ്രത്യഭാഷത–രാജൻ, സർവമേതദുപപന്നം മഹാവംശപ്രസൂതേ വസിഷ്ഠശിഷ്യേ ച ഭവതി. അഹം യദർഥമാഗതോസ്മി തദാകർണ്യതാം. സിധ്യർത്ഥം നിയമമാതിഷ്ഠതോ മേ സുബാഹുമാരീചൗ രാക്ഷസൗ വിഘ്നകരൗ വർതേതേ. ന ച മേ വ്രതമധ്യേ ക്രോധാവേശോ യുജ്യത ഇതി ശാപേന തയോർനിവാരണമശക്യം. തയോർവിനാശായ ജ്യേഷ്ഠം പുത്രം രാമം മേ ദാതുമർഹസി ഇതി.

മഹാതേജസ്വിയായ വിശ്വാമിത്രൻ മറുപടി പറഞ്ഞു–രാജാവേ! ഇതെല്ലാം മഹാവംശത്തിൽ ജനിച്ചവനും വസിഷ്ഠന്റെ ശിഷ്യനുമായ അങ്ങേക്ക് യോജിച്ചതു തന്നെ. ഞാൻ എന്തിനായിട്ടാണോ ഇവിടേക്ക് വന്നിരിക്കുന്നത്, അത് കേട്ടാലും. സിദ്ധിക്കു (അഭ്യുദയം) വേണ്ടി യാഗമനുഷ്ഠിക്കുന്ന എനിക്ക് സുബാഹു മാരീചൻ എന്നീ രാക്ഷസന്മാർ തടസ്സക്കാരായി നിലകൊള്ളുന്നു. എന്റെ വ്രതത്തിനിടക്ക് ക്രോധമോ ആവേശമോ പാടില്ല എന്നതുകൊണ്ട് അവരെ ശാപം നല്കി ഇല്ലായ്മ ചെയ്യുവാൻ സാധ്യമല്ല. അവരുടെ നാശത്തിനായിക്കൊണ്ട് മൂത്ത പുത്രനായ രാമനെ എനിക്കു നല്കണം എന്ന്.

**सन्धिच्छेदः**

सर्वमेतदुपपन्नं-सर्वम् एतत् उपपन्नम्। यदर्थमागतोऽस्मि-यदर्थम् आगतः अस्मि। तदाकर्ण्यताम्-तद् आकर्ण्यताम्। नियममातिष्ठतः-नियमम् आतिष्ठतः। तयोर्निवारणमशक्यम्-तयोः निवारणम् अशक्यम्। तयोर्विनाशाय-तयोः विनाशाय। दातुमर्हसि-दातुम् अर्हसि।

दशरथो विश्वामित्रस्य भाषितं श्रुत्वा मुहूर्तं निःसंज्ञो बभूव। ततः संज्ञां प्रतिपद्यैवमभाषत-'ऊनषोडशवर्षः सुकुमाराङ्गो रामः कथं वा राक्षसैर्योत्स्यते। अहमेव धनुष्पाणिर्भवदीयां व्रतचर्यां गोप्तास्मि। यावत्प्राणान् धरिष्यामि तावन्निशाचरैर्योत्स्ये च। तत्कृपया न रामं नेतुमर्हसि' इति।

ദശരഥോ വിശ്വാമിത്രസ്യ ഭാഷിതം ശ്രുത്വാ മുഹൂർം നിസ്സംജ്ഞോ ബഭൂവ. തതഃ സംജ്ഞാം പ്രതിപദ്യൈവമഭാഷത–ഊനഷോഡശവർഷഃ സുകുമാരാംഗോ രാമഃ കഥം വാ രാക്ഷസൈർയോത്സ്യതേ.അഹമേവ ധനുഷ്പാണിർഭവദീയാം വ്രതചര്യാം ഗോപ്താസ്മി. യാവത് പ്രാണാൻ ധരിഷ്യാമി താവന്നിശാചരൈർയോത്സ്യേ ച. തത്കൃപയാ ന രാമം നേതുമർഹസി ഇതി.

ദശരഥൻ വിശ്വാമിത്രന്റെ സംഭാഷണം കേട്ടിട്ട് അല്പസമയം ചേതനയറ്റവനായി. പിന്നീട് ഉറച്ചൊന്ന് ചിന്തിച്ച് ഇപ്രകാരം മൊഴിഞ്ഞു–പതിനാറുവയസ്സു തികയാത്ത സുന്ദരനായ രാമൻ എങ്ങനെ രാക്ഷസന്മാരോട് യുദ്ധം ചെയ്യും. ഞാൻ തന്നെ ആയുധ(വില്ലെടുത്ത്)മെടുത്ത് അങ്ങയുടെ വ്രതനിഷ്ഠയെ സംരക്ഷിക്കാം.എത്രത്തോളം കാലം പ്രാണനെ ഞാൻ ധരിക്കുന്നുവോ അത്രയും കാലം രാക്ഷസന്മാരോട് യുദ്ധം ചെയ്യാം. അതിനാൽ ദയവു ചെയ്ത് രാമനെ അങ്ങു കൊണ്ടു പോകരുത് എന്ന്.

**सन्धिच्छेदः**

प्रतिपद्यैवमभाषत-प्रतिपद्य एवम् अभाषत। राक्षसैर्योत्स्यते-राक्षसैः योत्स्यते। अहमेव-अहम् एव। धनुष्पाणिर्भवदीयं-धनुष्पाणिः भवदीयम्। यावत्प्राणान्-यावत् प्राणान्। तावन्निशाचरैर्योत्स्ये-तावत् निशाचरैः योत्स्ये। नेतुमर्हसि-नेतुम् अर्हसि।

पुत्रविश्लेषकातरस्य दशरथस्य वचनं निशम्य विश्वामित्रः कुपितो बभाषे-'प्रथमं यं कमपि कामं करिष्यामीति प्रतिज्ञाय सम्प्रति प्रतिज्ञां हातुमिच्छसि। किमिदं साम्प्रतमिक्ष्वाकुवंशे जातस्य भवतः? यदीदं ते क्षमं तर्हि तथा कुरुष्व। अहं यथागतं गमिष्यामि। मिथ्याप्रतिज्ञस्त्वं चिराय सुखी भव' इति।

പുത്രവിശ്ലേഷകാതരസ്യ ദശരഥസ്യ വചനം നിശമ്യ വിശ്വാമിത്രഃ കുപിതോ ബഭാഷേ -പ്രഥമം യം കമപി കാമം കരിഷ്യാമീതി പ്രതിജ്ഞായ സംപ്രതി പ്രതിജ്ഞാം ഹാതുമിച്ഛസി. കിമിദം സാംപ്രതമിക്ഷ്വാകുവംശേ ജാതസ്യ ഭവതഃ? യദീദം തേ ക്ഷമം തർഹി തഥാ കുരുഷ്വ. അഹം യഥാഗതം ഗമിഷ്യാമി. മിഥ്യാപ്രതിജ്ഞസ്ത്വം ചിരായ സുഖീ ഭവ ഇതി.

പുത്രനെ വേർപെടുന്നതിൽ വിഷമമുള്ള ദശരഥന്റെ വാക്കുകൾ കേട്ടിട്ട് വിശ്വാമിത്രൻ കുപിതനായി പറഞ്ഞു-ആദ്യം ഏതാഗ്രഹവും സാധിച്ചു തരാമെന്ന് പ്രതിജ്ഞ ചെയ്തിട്ട് ഇപ്പോൾ അതുപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നുവോ. ഇക്ഷ്വാകുവിന്റെ വംശത്തിൽ ജനിച്ച അങ്ങേക്ക് ഇതു യോജിച്ചതാണോ? ഇതാണോ അങ്ങേക്ക് യോജിച്ചതെന്ന് തോന്നുന്നത് എങ്കിൽ അതുതന്നെ ചെയ്തുകൊള്ളുക. ഞാൻ വന്നതു പോലെ പൊയ്ക്കൊള്ളാം. പ്രതിജ്ഞ തെറ്റിച്ച അങ്ങ് വളരെക്കാലം സുഖമായിരിക്കട്ടെ എന്ന്.

**सन्धिच्छेदः**

कमपि-कम् अपि। करिष्यामीति-करिष्यामि इति। हातुमिच्छसि-हातुम् इच्छसि। किमिदं-किम् इदम्। साम्प्रतमिक्ष्वाकुवंशे-साम्प्रतम् इक्ष्वाकुवंशे। यदीदं-यदि इदम्। मिथ्याप्रतिज्ञस्त्वं-मिथ्याप्रतिज्ञः त्वम्।

कुपिते कौशिके कृत्स्ना वसुधा भयेन चचाल। देवानामपि महद्भयं बभूव। इत्थंभूते व्यतिकरे भगवान् वसिष्ठो राजानमाबभाषे-'अहं वेद्मि महात्मनो रामस्यानुपमं पराक्रमम्। वृथा विशङ्क्य इक्ष्वाकूणां कुले जातो धर्मात्मा च भवान्न धर्मं हातुमर्हति। विश्वामित्रेण गुप्तस्य रामभद्रस्य कुतो भेतव्यम्' इति।

കുപിതേ കൗശികേ കൃത്സ്നാ വസുധാ ഭയേന ചചാല. ദേവാനാമപി മഹദ്ഭയം ബഭൂവ. ഇത്ഥംഭൂതേ വ്യതികരേ ഭഗവാൻ വസിഷ്ഠോ രാജാനമാബഭാഷേ-അഹം വേദ്മി മഹാത്മനോ രാമസ്യാനുപമം പരാക്രമം. വൃഥാ വിശംക്യ ഇക്ഷ്വാകൂണാം കുലേ ജാതോ ധർമാത്മാ ച ഭവാന്ന ധർമം ഹാതുമർഹതി. വിശ്വാമിത്രേണ ഗുപ്തസ്യ രാമഭദ്രസ്യ കുതോ ഭേതവ്യം ഇതി.

കൗശികൻ (വിശ്വാമിത്രൻ) കോപിച്ചപ്പോൾ ഭൂമി മുഴുവൻ ഭയംകൊണ്ട് വിറച്ചു. ദേവന്മാർക്കും വലിയ ഭയമുണ്ടായി. ഇപ്രകാരമുള്ള മാറ്റത്തിൽ ഭഗവാനായ വസിഷ്ഠൻ രാജാവിനോട് പറഞ്ഞു-മഹാത്മാവായ രാമന്റെ അതുല്യമായ പരാക്രമത്തെ ഞാനറിയുന്നു. വെറുതെ സംശയിച്ച് ഇക്ഷ്വാകുവിന്റെ കുലത്തിൽ ജനിച്ച ധർമാത്മാവായ അങ്ങ് ധർമ്മത്തെ വെടിയാൻ പാടില്ല. വിശ്വാമിത്രനാൽ സംരക്ഷിക്കപ്പെടുന്ന രാമഭദ്രന് എവിടെനിന്നാണ് ഭയമുണ്ടാകുക എന്ന്.

**सन्धिच्छेदः**

देवानामपि-देवानाम् अपि। राजानमाबभाषे-राजानम् आबभाषे। रामस्यानुपमं-रामस्य अनुपमम्। भवान्न-भवान् न। हातुमर्हति-हातुम् अर्हति।

तथा वदति वसिष्ठे नृपतिः प्रहृष्टो राममाजुहाव। कृतस्वस्त्ययनं सलक्ष्मणं तं कौशिकाय प्रदाय गमनायानुमेने। प्रतिष्ठमाने च कौशिकानुयायिनि रामभद्रे महती पुष्पवृष्टिरासीत्। कौशिको राघवाभ्यां सहितः सरयूं तीर्त्वा दक्षिणं तीरमाससाद। ततो रामेति मधुरमामन्त्र्य 'मत्तो बलामतिबलां च विद्ये सानुजो गृहाणेति' तमादिदेश। रामः प्रहृष्टो भावितात्मनो महर्षेः सकाशात्ते विद्ये सानुजो जगृहे। मध्येमार्गमविप्रहतं किमपि घोरं काननं दृष्ट्वा 'किं न्विदं दारुणं वनम्' इति रामः कौशिकं पप्रच्छ।

തഥാ വദതി വസിഷ്ഠേ നൃപതിഃ പ്രഹൃഷ്ടോ രാമമാജുഹാവ. കൃതസ്വസ്ത്യയനം സലക്ഷ്മണം തം കൗശികായ പ്രദായ ഗമനായാനുമേനേ. പ്രതിഷ്ഠമാനേ ച കൗശികാനുയാ യിനി രാമഭദ്രേ മഹതീ പുഷ്പവൃഷ്ടിരാസീത്. കൗശികോ രാഘവാഭ്യാം സഹിതഃ സരയൂം തീർത്വാ ദക്ഷിണം തീരമാസസാദ. തതോ രാമേതി മധുരമാമന്ത്ര്യ മത്തോ ബലാമതിബലാം ച വിദ്യേ സാനുജോ ഗൃഹാണേതി തമാദിദേശ. രാമഃ പ്രഹൃഷ്ടോ ഭാവിതാത്മനോ മഹർഷേഃ സകാശാത്തേ വിദ്യേ സാനുജോ ജഗൃഹേ. മധ്യേമാർഗമവിപ്രഹതം കിമപി ഘോരം കാനനം ദൃഷ്ട്വാ കിം ന്വിദം ദാരുണം വനം ഇതി രാമഃ കൗശികം പപ്രച്ഛ.

വസിഷ്ഠൻ ഇപ്രകാരം പറഞ്ഞപ്പോൾ രാജാവ് സന്തോഷത്തോടെ രാമനെ വിളിച്ചു. യാത്രാമംഗളങ്ങൾ നേർന്നുകൊണ്ട് ലക്ഷ്മണനോടൊപ്പം രാമനെ വിശ്വാമിത്രന് നല്കിയിട്ട് യാത്രക്കനുമതി നല്കി. വിശ്വാമിത്രന്റെ അനുയായിയായി രാമഭദ്രനെ പ്രതിഷ്ഠിച്ചപ്പോൾ വലിയ പുഷ്പവൃഷ്ടി ഉണ്ടായി. വിശ്വാമിത്രൻ രാമലക്ഷ്മണന്മാരോടൊത്ത് സരയൂനദിയെ തരണം ചെയ്ത് ദക്ഷിണതീരത്തെ പ്രാപിച്ചു. അനന്തരം രാമാ എന്ന് മധുരമായി വിളിച്ചിട്ട് എന്നിൽനിന്നും ബല അതിബല എന്നീ രണ്ടു വിദ്യകളെ അനുജനോടൊപ്പം ഗ്രഹിച്ചുകൊള്ളുക എന്നാജ്ഞാപിച്ചു. രാമൻ വളരെ സന്തോഷത്തോടെ ശുദ്ധമനസ്കനായ മഹർഷിയിൽനിന്നും ആ രണ്ടു വിദ്യകളെ അനുജനോടൊപ്പം ഗ്രഹിച്ചു. യാത്രാമദ്ധ്യത്തിൽ വിജനമായ ഒരു ഘോരവനം കണ്ടിട്ട് എതാണീ ഭീകരമായ വനം എന്ന് രാമൻ വിശ്വാമിത്രനോട് ചോദിച്ചു.

**सन्धिच्छेदः**

राममाजुहाव-रामम् आजुहाव। गमनायानुमेने-गमनाय अनुमेने। पुष्पवृष्टिरासीत्-पुष्पव-ष्टिः आसीत्। तीरमाससाद-तीरम् आससाद। रामेति-राम इति। मधुरमामन्त्र्य-मधुरम् आमन्त्र्य। बलामतिबलां-बलाम् अतिबलाम्। गृहाणेति-गृहाण इति। तमादिदेश-तम् आदिदेश। मध्येमार्गमविप्रहतम्-मध्येमार्गम् अविप्रहतम्। किमपि-किम् अपि। न्विदं-नु इदम्।

महातेजा विश्वामित्रस्तमुवाच-'वत्स! श्रूयतामस्य दारुणस्य वनस्य वृत्तान्तः। पुरा किलात्र मलदकरूषाभिधानं स्फीतं जनपदद्वयमवर्तत। सुन्दस्य भार्या मारीचस्य रक्षसो जननी ताटका नागसहस्रबला तदिदं विनाश्य कानन्तां निनाय। सेयं पथिकानां प्राणहारिणी इतोऽध्यर्धयोजने वसति। तामेनां निहत्य देशमिमं निष्कण्टकं कर्तुमर्हसि' इति।

മഹാതേജാ വിശ്വാമിത്രസ്തമുവാച–വത്സ, ശ്രൂയതാമസ്യ ദാരുണസ്യ വനസ്യ വൃത്താന്തഃ. പുരാ കിലാത്ര മലദകരൂഷാഭിധാനം സ്ഫീതം ജനപദദ്വയമവർതത. സുന്ദസ്യ ഭാര്യാ മാരീചസ്യ രക്ഷസോ ജനനീ താടകാ നാഗസഹസ്രബലാ തദിദം വിനാശ്യ കാനനതാം നിനായ. സേയം പഥികാനാം പ്രാണഹാരിണീ ഇതോപ്യധ്യർധയോജനേ വസതി. താമേനാം നിഹത്യ ദേശമിമം നിഷ്കണ്ടകം കർതുമർഹസി ഇതി.

മഹാതേജസ്വിയായ വിശ്വാമിത്രൻ അദ്ദേഹത്തോടു പറഞ്ഞു–കുഞ്ഞേ, ഭീകരമായ ഈ വനത്തെ കുറിച്ചുള്ള കഥ കേട്ടാലും. പണ്ടാകട്ടെ ഇവിടെ മലദ കരൂഷ എന്നീ പേരോടുകൂടിയ രണ്ടു സമ്പത്സമൃദ്ധമായ ഗ്രാമങ്ങളുണ്ടായിരുന്നു. സുന്ദന്റെ ഭാര്യയും രാക്ഷസനായ മാരീചന്റെ അമ്മയും ആയിരം ആനകളുടെ കരുത്തുള്ളവളുമായ താടക ഈ ഗ്രാമങ്ങളെ നശിപ്പിച്ച് വനമാക്കി ത്തീർത്തു. വഴിയാത്രക്കാരുടെ പ്രാണനെ എടുക്കുന്ന ഇവളാകട്ടെ ഇവിടെനിന്നും ഒന്നര യോജന ദൂരെ വസിക്കുന്നു. ഇപ്രകാരമുള്ള ഇവളെ നശിപ്പിച്ച് ഈ ദേശത്തെ ശത്രുക്കളില്ലാതെയാക്കണം എന്ന്.

**सन्धिच्छेदः**

विश्वामित्रस्तमुवाच-विश्वामित्रः तम् उवाच। श्रूयतामस्य-श्रूयताम् अस्य। किलात्र-किल अत्र। जनपदद्वयमवर्तत-जनपदद्वयम् अवर्तत। तदिदं-तत् इदम्। सेयं-सा इयम्। इतोऽध्यर्धयोजने-इतः अध्यर्धयोजने। तामेनां-ताम् एनाम्। देशमिमं-देशम् इमम्। कर्तुमर्हसि-कर्तुम् अर्हसि।

महर्षेरादेशं शिरसा धारयन् दाशरथिर्देशहिताय तमर्थं प्रतिज्ञाय तीव्रं ज्याशब्दमकरोत्। तं शब्दमसहमाना शिलाजालं वर्षन्ती राक्षसी राममभ्यद्रवत्। अभिमुखमापतन्तीं तां रामः शरेणोरसि विव्याध। सा सद्यो धरणीतले पपात ममार च। ताटकावधेन तोषितस्य मुनिवरस्यादेशेन तौ तां रजनीं तत्र सुखमूषतुः। मुनिदत्तेन मन्त्रग्रामेण समेधितप्रभावौ राघवौ मुनिमनुगच्छन्तौ आश्रमपदमवापताम्। महामुनेस्तास्ताः कौतुकावहाः कथाः शृण्वन्तौ तौ राजपुत्रौ न कदापि मार्गखेदमबुध्येताम्।

മഹർഷേരാദേശം ശിരസാ ധാരയൻ ദാശരഥിർദേശഹിതായ തമർഥം പ്രതിജ്ഞായ തീവ്രം ജ്യാശബ്ദമകരോത്. തം ശബ്ദമസഹമാനാ ശിലാജാലം വർഷന്തീ രാക്ഷസീ രാമമഭ്യദ്രവത്. അഭിമുഖമാപതന്തീം താം രാമഃ ശരേണോരസി വിവ്യാധ. സാ സദ്യോ ധരണീതലേ പപാത മമാര ച. താടകാവധേന തോഷിതസ്യ മുനിവരസ്യാദേശേന തൗ താം രജനീം തത്ര സുഖമൂഷതുഃ. മുനിദത്തേന മന്ത്രഗ്രാമേണ സമേധിതപ്രഭാവൗ രാഘവൗ മുനിമനുഗച്ഛന്തൗ ആശ്രമപദമവാപതാം. മഹാമുനേസ്താസ്താഃ കൗതുകാവഹാഃ കഥാഃ ശൃണ്വന്തൗ തൗ രാജപുത്രൗ ന കദാപി മാർഗഖേദമബുധ്യേതാം.

മഹർഷിയുടെ ആജ്ഞയെ ശിരസാ വഹിച്ചുകൊണ്ട് രാമൻ ദേശത്തിന്റെ നന്മക്കു വേണ്ടി ആജ്ഞ നിറവേറ്റാമെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് ഭയങ്കരമായ ഞാണൊലി മുഴക്കി. ആ ശബ്ദത്തെ സഹിക്ക വയ്യാതെ പാറക്കൂട്ടത്തെ വർഷിച്ചുകൊണ്ട് രാക്ഷസി രാമനെ ഉപദ്രവിക്കാനൊരുങ്ങി. നേർക്കു പാഞ്ഞടുക്കുന്ന അവളെ രാമൻ ശരംകൊണ്ട് മാറിടത്തിൽ പിളർന്നു. അവൾ പെട്ടന്ന് ഭൂമിയിൽ വീഴുകയും മരിക്കുകയും ചെയ്തു. താടകയുടെ വധംകൊണ്ട് സന്തുഷ്ടനായ മുനിശ്രേഷ്ഠന്റെ ആജ്ഞയനുസരിച്ച് അവർ രണ്ടുപേരും ആ രാത്രി അവിടെത്തന്നെ സുഖമായി താമസിച്ചു. മുനിയാൽ നല്കപ്പെട്ട മന്ത്രസമൂഹത്താൽ കൂടുതൽ ശക്തി പ്രാപിച്ച രാമലക്ഷ്മണന്മാർ മുനിയെ അനുഗമിച്ചുകൊണ്ട് ആശ്രമപദത്തെ പ്രാപിച്ചു. മഹാമുനിയുടെ ഓരോരോ കൗതുകം ജനിപ്പിക്കുന്ന കഥകൾ കേട്ടുകൊണ്ട് അവർ രണ്ടുപേരും ഒരിക്കലും യാത്രയിലുള്ള ബുദ്ധിമുട്ടിനെ അറിഞ്ഞതേയില്ല.

**सन्धिच्छेदः**

महर्षेरादेशं-महर्षेः आदेशम्। दाशरथिर्देशहिताय-दाशरथिः देशहिताय। तमर्थं-तम् अर्थम्। ज्याशब्दमकरोत्-ज्याशब्दम् अकरोत्। शब्दमसहमाना-शब्दम् असहमाना। राममभ्यद्रवत्-रामम् अभ्यद्रवत्। अभिमुखमापतन्तीं-अभिमुखम् आपतन्तीम्। शरेणोरसि-शरेण उरसि। मुनिवरस्यादेशेन-मुनिवरस्य आदेशेन। सुखमूषतुः-सुखम् ऊषतुः। मुनिमनुगच्छन्तौ-मुनिम् अनुगच्छन्तौ। आश्रमपदमवापताम्-आश्रमपदम् अवापताम्। महामुनेस्तास्ताः-महामुनेः ताः ताः। कदापि-कदा अपि। मार्गखेदमबुध्येताम्-मार्गखेदम् अबुध्येताम्।

ततो नियतेन्द्रियो मुनिवरो दीक्षां प्रविवेश। राघवौ च निर्निद्रौ महत्या श्रद्धया तपोवनस्य रक्षणे जागरूकाववर्तेताम्। षष्ठेऽहनि समागते सानुचरौ सुबाहुमारीचौ यज्ञशालामुपगम्य रुधिरौघमवर्षताम्। तावदेव राजीवलोचनो राघवो मारीचोरसि शरेण प्रहृत्य तं योजनशतं यावत्समुद्रे चिक्षेप। सुबाहुमाग्नेयास्त्रेण गतासुं पातयित्वा तदनुचराणि रक्षांसि च वायव्यास्त्रेण दूरं विद्रावयामास। तेनाद्भुतेन कर्मणा सर्वेऽपि तपोवनस्थाः नितान्तप्रमुदिताः राघवं बहुधा प्रशशंसुः।

തതോ നിയതേന്ദ്രിയോ മുനിവരോ ദീക്ഷാം പ്രവിവേശ. രാഘവൗ ച നിർനിദ്രൗ മഹത്യാ ശ്രദ്ധയാ തപോവനസ്യ രക്ഷണേ ജാഗരൂകാവവർതേതാം. ഷഷ്ഠേഹനി സമാഗതേ സാനുചരൗ സുബാഹുമാരീചൗ യജ്ഞശാലാമുപഗമ്യ രുധിരൗഘമവർഷതാം. താവദേവ രാജീവലോചനോ രാഘവോ മാരീചോരസി ശരേണ പ്രഹൃത്യ തം യോജനശതം യാവത്സമുദ്രേ ചിക്ഷേപ. സുബാഹുമാഗ്നേയാസ്ത്രേണ ഗതാസും പാതയിത്വാ തദനുചരാണി രക്ഷാംസി ച വായവ്യാസ്ത്രേണ ദൂരം വിദ്രാവയാമാസ. തേനാദ്ഭുതേന കർമണാ സർവേപി തപോവനസ്ഥാ നിതാന്തപ്രമുദിതാ രാഘവം ബഹുധാ പ്രശശംസുഃ.

അനന്തരം ഇന്ദ്രിയങ്ങളെ നിഗ്രഹിച്ച മുനിശ്രേഷ്ഠൻ വ്രതത്തിലേക്കു കടന്നു. രാമലക്ഷ്മണന്മാർ ഉറങ്ങാതെ വളരെ ശ്രദ്ധയോടെ തപോവനത്തിന്റെ രക്ഷണത്തിൽ ശ്രദ്ധാലുക്കളായി വർത്തിച്ചു. ആറാം നാൾ വന്നു ചേർന്നപ്പോൾ അനുചരന്മാരോടൊത്ത് സുബാഹുവും മാരീചനും യജ്ഞശാലയുടെ അടുത്തു ചെന്ന് ചോരമഴ പെയ്യിച്ചു. അപ്പോൾ തന്നെ താമരക്കണ്ണനായ രാമൻ മാരീചന്റെ മാറിടത്തിൽ ശരം എയ്യുകയും അവനെ നൂറു യോജന അകലെയുള്ള സാഗരത്തിലേക്ക് എറിയുകയും ചെയ്തു. സുബാഹുവിനെ ആഗ്നേയാസ്ത്രം കൊണ്ട് പ്രാണനെ വിടുവിച്ചിട്ട് അവന്റെ അനുചരന്മാരായ രാക്ഷസന്മാരെ വായവ്യാസ്ത്രം കൊണ്ട് ദൂരേക്ക് ഓടിച്ചു. ഈ അദ്ഭുതകർമ്മം കൊണ്ട് തപോവനത്തിലുള്ള എല്ലാവരും അങ്ങേയറ്റം സന്തോഷിച്ചിട്ട് രാമനെ വളരെ പ്രശംസിക്കുകയും ചെയ്തു.

**सन्धिच्छेदः**

जागरूकाववर्तेताम्-जागरूकौ अवर्तेताम्। षष्ठेऽहनि-षष्ठे अहनि। यज्ञशालामुपगम्य-यज्ञशालाम् उपगम्य। रुधिरौघमवर्षताम्-रुधिरौघम् अवर्षताम्। तावदेव-तावत् एव। यावत्समुद्रे-यावत् समुद्रे। तेनाद्भुतेन-तेन अद्भुतेन। सर्वेऽपि-सर्वे अपि।

अथ यज्ञे समाप्ते प्रसन्नहृदयो विश्वामित्रो राममाबभाषे-'नरश्रेष्ठ! मिथिलापतेर्जनकस्य परमपावनो यज्ञ इदानीं प्रवर्तते। तत्र सर्वे वयं यास्यामः। त्वमप्यस्माभिः सह मिथिलां गन्तुमर्हसि। तत्रत्यमप्रमेयप्रभावं शाम्भवं धनूरत्नं च द्रष्टुमर्हसि' इति। मुनेराज्ञया राघवावपि प्रतिष्ठमानं मुनिमन्वगच्छताम्। मिथिलोपवनं प्राप्तो दाशरथिः कौशिकात् विदितवृत्तान्तो गौतमाश्रमं प्रविश्य गौतमशापेनादृश्यतां गतां तत्पत्नीमहल्यां शापान्तेनानुजग्राह। अहल्यासहितेन गौतमेन विधिवत्कृतां सपर्यां च प्रतिजग्राह।

അഥ യജ്ഞേ സമാപ്തേ പ്രസന്നഹൃദയോ വിശ്വാമിത്രോ രാമമാബഭാഷേ–നരശ്രേഷ്ഠ, മിഥിലാപതേർജനകസ്യ പരമപാവനോ യജ്ഞ ഇദാനീം പ്രവർതതേ. തത്ര സർവേ വയം യാസ്യാമഃ. ത്വമപ്യസ്മാഭിഃ സഹ മിഥിലാം ഗന്തുമർഹസി. തത്രത്യമപ്രമേയപ്രഭാവം ശാംഭവം ധനൂരത്നം ച ദ്രഷ്ടുമർഹസി ഇതി. മുനേരാജ്ഞയാ രാഘവാവപി പ്രതിഷ്ഠമാനം മുനിമന്വഗച്ഛതാം. മിഥിലോപവനം പ്രാപ്തോ ദാശരഥിഃ കൗശികാത് വിദിതവൃത്താന്തോ ഗൗതമാശ്രമം പ്രവിശ്യ ഗൗതമശാപേനാദൃശ്യതാം ഗതാം തത്പത്നീമഹല്യാം ശാപാന്തേനാനുജഗ്രാഹ. അഹല്യാസഹിതേന ഗൗതമേന വിധിവത്കൃതാം സപര്യാം ച പ്രതിജഗ്രാഹ.

അനന്തരം യാഗം സമാപിച്ചപ്പോൾ സന്തുഷ്ടനായ വിശ്വാമിത്രൻ രാമനോടു പറഞ്ഞു– നരശ്രേഷ്ഠ, മിഥിലയുടെ രാജാവായ ജനകന്റെ പരമപവിത്രമായ യാഗം ഇപ്പോൾ നടക്കുന്നു. അവിടേക്ക് ഞങ്ങളെല്ലാവരും പോകുന്നു. നീയും ഞങ്ങളുടെ കൂടെ മിഥിലയിലേക്കു വരണം. അവിടെയുള്ള അവർണ്ണനീയശക്തിയുള്ള പരമശിവന്റെ വില്ലും കാണണം എന്ന്. മുനിയുടെ ആജ്ഞയാൽ രാമലക്ഷ്മണന്മാരും യാത്രക്കായി പുറപ്പെട്ട മുനിയെ പിന്തുടർന്നു. മിഥിലയുടെ ഉദ്യാനത്തിലേക്ക് പ്രവേശിച്ച ദശരഥപുത്രൻ വിശ്വാമിത്രനിൽനിന്ന് എല്ലാ വാർത്തയുമറിഞ്ഞ് ഗൗതമന്റെ ആശ്രമത്തിലേക്ക് പ്രവേശിച്ചിട്ട് ഗൗതമന്റെ ശാപത്താൽ മറഞ്ഞുപോയ അദ്ദേഹത്തിന്റെ ഭാര്യയായ അഹല്യയെ ശാപത്തിൽനിന്നും വിമുക്തയാക്കി അനുഗ്രഹിച്ചു. അഹല്യയോടൊപ്പമുള്ള ഗൗതമന്റെ വിധിപോലെയുള്ള സത്കാരത്തെയും സ്വീകരിച്ചു.

## सन्धिच्छेदः

राममाबभाषे-रामम् आबभाषे। मिथिलापतेर्जनकस्य-मिथिलापतेः जनकस्य। त्वमप्यस्माभिः-त्वम् अपि अस्माभिः। गन्तुमर्हसि-गन्तुम् अर्हसि। तत्रत्यमप्रमेयप्रभावं-तत्रत्यम् अप्रमेयप्रभावम्। द्रष्टुमर्हसि-द्रष्टुम् अर्हसि। मुनेराज्ञया-मुनेः आज्ञया। राघवावपि-राघवौ अपि। मुनिमन्वगच्छताम्-मुनिम् अन्वगच्छताम्। गौतमशापेनादृश्यतां-गौतमशापेन अदृश्यताम्। तत्पत्नीमहल्यां-तत्पत्नीम् अहल्याम्। शापान्तेनानुजग्राह-शापान्तेन अनुजग्राह।

जनको विश्वामित्रमनुप्राप्तं श्रुत्वा पुरोहितं शतानन्दं पुरस्कुर्वन् सहसा प्रत्युद्गम्य विधिवदभ्यर्हितवान्। निवृत्ते मिथः कुशलप्रश्ने स राजा सकुतुकं देवतुल्यपराक्रमौ काविमौ कुमाराविति कौशिकं पप्रच्छ। मुनिरपि राघवानुगतं सर्वमपि वृत्तान्तं यथावद्वर्णयामास। निवेदयामास च तयोर्महाधनुषो दर्शनकौतुकम्।

ജനകോ വിശ്വാമിത്രമനുപ്രാപ്തം ശ്രുത്വാ പുരോഹിതം ശതാനന്ദം പുരസ്കുർവൻ സഹസാ പ്രത്യുദ്ഗമ്യ വിധിവദഭ്യർഹിതവാൻ. നിവൃത്തേ മിഥഃ കുശലപ്രശ്നേ സ രാജാ സകുതുകം ദേവതുല്യപരാക്രമൗ കാവിമൗ കുമാരാവിതി കൗശികം പപ്രച്ഛ. മുനിരപി രാഘവാനുഗതം വൃത്താന്തം യഥാവദ്വർണയാമാസ. നിവേദയാമാസ ച തയോർമഹാധനുഷോ ദർശനകൗതുകം.

ജനകൻ വിശ്വാമിത്രൻ വന്നതായി കേട്ടിട്ട് പുരോഹിതനായ ശതാനന്ദനെ മുൻനിർത്തി പെട്ടന്നു തന്നെ ചെന്ന് വിധിപോലെ സത്കരിച്ചു. പരസ്പരമുള്ള കുശലപ്രശ്നങ്ങൾ കഴിഞ്ഞപ്പോൾ രാജാവ് കൗതുകത്തോടെ ദേവനു തുല്യം പരാക്രമശാലികളായ കുമാരന്മാർ ആരെന്ന് വിശ്വാമിത്രനോട് ചോദിച്ചു. മുനിയും രാമനെക്കുറിച്ചുള്ള എല്ലാ വൃത്താന്തങ്ങളും വേണ്ടപോലെ വർണ്ണിച്ചു. അവർക്ക് ആ മഹാധനുസ്സിനെ കാണാനുള്ള മോഹവും അറിയിച്ചു.

**सन्धिच्छेदः**

विश्वामित्रमनुप्राप्तं-विश्वामित्रम् अनुप्राप्तम्। विधिवदभ्यर्हितवान्-विधिवद् अभ्यर्हितवान्। काविमौ-कौ इमौ। कुमाराविति-कुमारौ इति। मुनिरपि-मुनिः अपि। सर्वमपि-सर्वम् अपि। यथावद्वर्णयामास-यथावद् वर्णयामास। तयोर्महाधनुषः-तयोः महाधनुषः।

जनको मुनिमेवं व्यजिज्ञपत्-'इदं किल धनूरत्नं देवरातस्य राज्ञो हस्ते न्यासीकृतम्। अस्य चारोपणाय देवा दानवा गान्धर्वा रक्षांसि वा न प्रभवन्ति। अत्र यो भुजवीर्यं प्रकाशयति तस्मै मत्सुता सीता देयेति च प्रतिज्ञा मया कृता। बहवो राजानः सीतामत्रागत्य वरयामासुः। तथापि धनुषोऽस्य ग्रहणेऽप्यशक्ताः भग्नाशाः निववृतिरे। रामो यद्यस्य धनुष आरोपणं कुर्यात्तर्हि सीतामवश्यं तस्मै दद्याम्' इति।

ജനകോ മുനിമേവം വ്യജിജ്ഞപത്–ഇദം കില ധനൂരത്നം ദേവരാതസ്യ രാജ്ഞോ ഹസ്തേ ന്യാസീകൃതം. അസ്യ ചാരോപണായ ദേവാ ദാനവാ ഗന്ധർവാ രക്ഷാംസി വാ ന പ്രഭവന്തി. അത്ര യോ ഭുജവീര്യം പ്രകാശയതി തസ്മൈ മത്സുതാ സീതാ ദേയേതി ച പ്രതിജ്ഞാ മയാ കൃതാ. ബഹവോ രാജാനഃ സീതാമത്രാഗത്യ വരയാമാസുഃ. തഥാപി ധനുഷോസ്യ ഗ്രഹണേപ്യശക്താഃ ഭഗ്നാശാഃ നിവവൃതിരേ. രാമോ യദ്യസ്യ ധനുഷ ആരോപണം കുര്യാത്തർഹി സീതാമവശ്യം തസ്മൈ ദദ്യാം ഇതി.

ജനകൻ മുനിയോട് ഇങ്ങനെ അറിയിച്ചു–ഈ ശ്രേഷ്ഠമായ വില്ലാകട്ടെ രാജാവായ ദേവരാതന്റെ കയ്യിൽ സൂക്ഷിക്കുവാൻ നല്കിയിരുന്നു. ഇതിൽ ഞാൺ കെട്ടുവാൻ ദേവന്മാർക്കോ അസുരന്മാർക്കോ ഗന്ധരവന്മാർക്കോ രാക്ഷസന്മാർക്കോ കഴിഞ്ഞില്ല.അവിടെ ആര് കൈക്കരുത്തു കാണിക്കുന്നുവോ അയാൾക്ക് എന്റെ പുത്രിയായ സീതയെ നല്കാമെന്ന് പ്രതിജ്ഞയും ചെയ്തിട്ടുണ്ട്. ധാരാളം രാജാക്കന്മാർ ഇവിടെ വന്ന് സീതയെ വരിക്കാൻ ശ്രമിച്ചിരുന്നു. എങ്കിലും ഈ വില്ല് എടുക്കുവാൻപോലും ശക്തരല്ലാതെ നിരാശരായി മടങ്ങി. രാമൻ ഈ വില്ലെടുത്ത് ഞാൺ കെട്ടുകയാണെങ്കിൽ സീതയെ തീർച്ചയായും അദ്ദേഹത്തിന് കൊടുക്കാം എന്ന്.

**सन्धिच्छेदः**

मुनिमेवं-मुनिम् एवम्। चारोपणाय-च आरोपणाय। देयेति-देया इवि। सीतामत्रागत्य-सीताम् अत्र आगत्य। तथापि-तथा अपि। धनुषोऽस्य-धनुषः अस्य। ग्रहणेऽप्यशक्ताः-ग्रहणे अपि अशक्ताः। यद्यस्य-यदि अस्य। कुर्यात्तर्हि-कुर्यात् तर्हि। सीतामवश्यं-सीताम् अवश्यम्।

विश्वामित्रेण 'धनुर्दर्शय रामाय' इति प्रार्थितो जनको धनुरानयनाय सचिवानादिदेश। महता प्रयासेन बहुभिर्जनसमूहैः समानीतं तद्धनुःश्रेष्ठं 'वत्स राम! धनुः पश्य' इति विश्वामित्रो रामाय दर्शयामास। रामो विनीतः कार्मुकस्यास्य ग्रहणे पूरणे च यतिष्ये इति वदन् पश्यतां नृसहस्राणां समक्षं लीलया मध्ये गृहीत्वा यावत्पूरयामास तावदेव तन्मध्ये भग्नं बभूव। निर्घातसमेन च तस्य निस्वनेन विश्वामित्रं जनकं राघवौ च वर्जयित्वा सर्वाऽपि जनता मोहं प्रपेदे। ततः प्रत्याश्वस्तेषु जनेषु जनको राजा विश्वामित्रं सप्रमोदमभाषत-'भगवन्, दृष्टवीर्याय दशरथसूनवे रामाय वीर्यशुल्कां सीतां प्रदाय सत्यप्रतिज्ञो भवितुमभिलषामि। शीघ्रमेव भवतोऽनुमत्या वार्ताहरा अयोध्यां प्रयान्तु, आनयन्तु च महात्मानं दशरथं सबान्धवं सपुरोधसं सत्वरमेव' इति। जनकेन प्रेषिता दूता महता विहितगमना अयोध्यां सम्प्राप्य राज्ञे दशरथाय सन्तोषवार्तां निवेदयामासुः।

വിശ്വാമിത്രേണ ധനുർദർശയ രാമായ ഇതി പ്രാർഥിതോ ജനകോ ധനുരാനയനായ സചിവാനാദിദേശ. മഹതാ പ്രയാസേന ബഹുഭിർജനസമൂഹൈഃ സമാനീതം തദ്ധനുശ്രേഷ്ഠം വത്സ, രാമ, ധനുഃ പശ്യ ഇതി വിശ്വാമിത്രോ രാമായ ദർശയാമാസ. രാമോ വിനീതഃ കാർമുകസ്യാസ്യ ഗ്രഹണേ പൂരണേ ച യതിഷ്യേ ഇതി വദൻ പശ്യതാം നൃസഹസ്രാണാം സമക്ഷം ലീലയാ മധ്യേ ഗൃഹീത്വാ യാവത്പൂരയാമാസ താവദേവ തന്മധ്യേ ഭഗ്നം ബഭൂവ. നിർഘാതസമേന ച തസ്യ നിസ്വനേന വിശ്വാമിത്രം ജനകം രാഘവൗ ച വർജയിത്വാ സർവാപി ജനതാ മോഹം പ്രപേദേ. തതഃ പ്രത്യാശ്വസ്തേഷു ജനേഷു ജനകോ രാജാ വിശ്വാമിത്രം സപ്രമോദമഭാഷത–ഭഗവൻ ദൃഷ്ടവീര്യായ ദശരഥസൂനവേ രാമായ വീര്യശുല്കാം സീതാം പ്രദായ സത്യപ്രതിജ്ഞോ ഭവിതുമഭിലഷാമി. ശീഘ്രമേവ ഭവതോനുമത്യാ വാർതാഹരാ അയോധ്യാം പ്രയാന്തു, ആനയന്തു ച മഹാത്മാനം ദശരഥം സബാന്ധവം സപുരോധസം സത്വരമേവ ഇതി. ജനകേന പ്രേഷിതാ ദൂതാ മഹതാ വിഹിതഗമനാ അയോധ്യാം സംപ്രാപ്യ രാജ്ഞേ ദശരഥായ സന്തോഷവാർതാം നിവേദയാമാസുഃ.

രാമനായിക്കൊണ്ട് വില്ലിനെ കാണിച്ചുകൊടുത്താലും എന്ന് വിശ്വാമിത്രനാൽ പ്രാർത്ഥിക്കപ്പെട്ട ജനകൻ വില്ലു കൊണ്ടുവരുവാൻ മന്ത്രിമാരോട് നിർദ്ദേശിച്ചു. വളരെ പ്രയാസപ്പെട്ട് ധാരാളം ആളുകളാൽ കൊണ്ടുവരപ്പെട്ടതായ ആ വില്ലിനെ കുട്ടീ രാമാ വില്ലിനെ കണ്ടാലും എന്ന് പറഞ്ഞുകൊണ്ട് വിശ്വാമിത്രൻ രാമനെ കാണിച്ചുകൊടുത്തു. രാമൻ വളരെ വിനയത്തോടെ ഈ വില്ലെടുക്കാനും ഞാൺ കെട്ടാനും ഞാൻ പ്രയത്നിക്കാം എന്നു പറഞ്ഞുകൊണ്ട് നോക്കി നില്ക്കുന്ന ആയിരക്കണക്കിന് മനുഷ്യരുടെ മുമ്പിൽവെച്ച് കളിയെന്നപോലെ അതിന്റെ ഞാൺ കെട്ടാനെപ്പോഴാണോ ശ്രമിച്ചത് അപ്പോൾതന്നെ അതിന്റെ നടുക്കു വച്ച് ഒടിയുകയും ചെയ്തു. ഇടിനാദം പോലുള്ള അതിന്റെ ശബ്ദംകൊണ്ട് വിശ്വാമിത്രനും ജനകനും രാമലക്ഷ്മണന്മാരും ഒഴിച്ച് എല്ലാ ആളുകളും മോഹത്തെ പ്രാപിച്ചു. എല്ലാവരും മോഹത്തിൽനിന്നും മടങ്ങിവന്നപ്പോൾ രാജാവായ ജനകൻ വിശ്വാമിത്രനോട് സസന്തോഷം പറഞ്ഞു–ഭഗവാനേ, വീര്യം പ്രകടിപ്പിച്ച ദശരഥന്റെ പുത്രനായിക്കൊണ്ട് വീര്യത്തിന്റെ പ്രതിഫലമായി സീതയെ നല്കിയിട്ട് പ്രതിജ്ഞ പാലിക്കുവാനാഗ്രഹിക്കുന്നു. പെട്ടന്നു തന്നെ അങ്ങയുടെ അനുമതിയോടെ വാർത്താഹരന്മാരെ (ദൂതന്മാരെ) അയോദ്ധ്യയിലേക്ക് അയച്ചാലും, മഹാത്മാവായ ദശരഥനെ പുരോഹിതനോടും ബന്ധുക്കളോടും ഒപ്പം പെട്ടന്ന് വരുത്തിയാലും എന്ന്. ജനകനാൽ അയക്കപ്പെട്ട ദൂതന്മാർ വളരെ വേഗം അയോധ്യയിലേക്ക് ചെന്നിട്ട് രാജാവായ ദശരഥനെ സന്തോഷവാർത്തയെല്ലാം അറിയിച്ചു.

**सन्धिच्छेदः**

धनुर्दर्शय-धनुः दर्शय। सचिवानादिदेश-सचिवान् आदिदेश। बहुभिर्जनसमूहैः-बहुभिः जनसमूहैः। कार्मुकस्यास्य-कार्मुकस्य अस्य। यावत्पूरयामास-यावत् पूरयामास। तावदेव-तावत् एव। सर्वाऽपि-सर्वा अपि। सप्रमोदमभाषत-सप्रमोदम् अभाषत। भवितुमभिलषामि-भवितुम् अभिलषामि। शीघ्रमेव-शीघ्रम् एव। भवतोऽनुमत्या-भवतः अनुमत्या। सत्वरमेव-सत्वरम् एव।

कौशिकानुग्रहस्य फलायितं तमभ्युदयमभिनन्द्य दशरथः सचिवैः संमन्त्र्य सत्वरं सह चतुरङ्गया सेनया मिथिलां प्रतस्थे। समागतं दशरथं सपर्यया सम्भाव्य जनकः परमं प्रहर्षं प्रपेदे। ऊर्मिलां लक्ष्मणाय प्रदास्यामीति प्रतिजज्ञे च। अनन्तरं च दूतान् सम्प्रेष्य भ्रातरं कुशध्वजं स्वपुरमानाययत्, यस्यापि विवाहार्हं कन्यारत्नद्वयं माण्डवीश्रुतकीर्तिनामधेयमवर्तत। ततः सर्वतः प्रवृत्ते विवाहोचिते महोत्सवे इक्ष्वाकुकुलदैवतं भगवान् वसिष्ठो वंशावलीं कीर्तयन् कन्याः चतुर्भ्यः राजकुमारेभ्यः वरयामास। मुनिसंसदि ज्वलतोऽग्नेः समक्षं समं मन्त्रोदकैरानन्दाश्रूणि सिञ्चन् महीपतिरात्मनो भ्रातुश्च ताश्चतस्रः कन्यकाः चतुर्भ्यः राजनन्दनेभ्यः सप्रमोदं प्रतिपादयामास। ते च राजनन्दनाः वसिष्ठानुमत्या ताः प्रतिजगृहिरे। रामः सीतां, लक्ष्मणः ऊर्मिलां, भरतो माण्डवीं, शत्रुघ्नः श्रुतकीर्तिं चात्मनोऽनुरूपां वधूं प्राप्य सुतरां विरराज। विधिवन्निर्वर्तितविवाहैः कुमारैः समन्वितो राजा दशरथः सबान्धवं जनकमापृच्छ्य स्वपुरीं प्रतस्थे।

കൗശികാനുഗ്രഹസ്യ ഫലായിതം തമഭ്യുദയമഭിനന്ദ്യ ദശരഥഃ സചിവൈഃ സംമന്ത്ര്യ സത്വരം സഹ ചതുരംഗയാ സേനയാ മിഥിലാം പ്രതസ്ഥേ. ഗമാഗതം ദശരഥം സപര്യയാ സംഭാവ്യ ജനകഃ പരമം പ്രഹർഷം പ്രപേദേ. ഊർമിളാം ലക്ഷ്മണായ പ്രദാസ്യാമീതി പ്രതിജജ്ഞേ ച. അനന്തരം ച ദൂതാൻ സംപ്രേഷ്യ ഭ്രാതരം കുശധ്വജം സ്വപുരമാനായയത്, യസ്യാപി വിവാഹാർഹം കന്യാരത്നദ്വയം മാണ്ഡവീശ്രുതകീർതിനാമധേയമവർതത. തതഃ സർവതഃ പ്രവൃത്തേ വിവാഹോചിതേ മഹോത്സവേ ഇക്ഷ്വാകുകുലദൈവതം ഭഗവാൻ വസിഷ്ഠോ വംശാവലീം കീർതയൻ കന്യാഃ ചതുർഭ്യഃ രാജകുമാരേഭ്യഃ വരയാമാസ. മുനിസംസദി ജ്വലതോഗ്നേഃ സമക്ഷം സമം മന്ത്രോദകൈരാനന്ദാശ്രൂണി സിഞ്ചൻ മഹീപതിരാത്മനോ ഭ്രാതുശ്ച താശ്ചതസ്രഃ കന്യകാഃ ചതുർഭ്യഃ രാജനന്ദനേഭ്യഃ സപ്രമോദം പ്രതിപാദയാമാസ. തേ ച രാജനന്ദനാഃ വസിഷ്ഠാനുമത്യാ താഃ പ്രതിജഗൃഹിരേ. രാമഃ സീതാം, ലക്ഷ്മണ ഊർമിളാം, ഭരതോ മാണ്ഡവീം, ശത്രുഘ്നഃ ശ്രുതകീർതിം ചാത്മനോനുരൂപാം വധൂം പ്രാപ്യ സുതരാം വിരരാജ. വിധിവന്നിർവർതിതവിവാഹൈഃ കുമാരൈഃ സമന്വിതോ രാജാ ദശരഥഃ സബാന്ധവം ജനകമാപൃച്ഛ്യ സ്വപുരീം പ്രതസ്ഥേ.

വിശ്വാമിത്രന്റെ അനുഗ്രഹത്തിന്റെ ഫലമായിത്തീർന്ന ആ അഭ്യുദയത്തെ അഭിനന്ദിച്ചുകൊണ്ട് ദശരഥൻ മന്ത്രിമാരോടൊത്ത് അലോചിച്ച് പെട്ടെന്നുതന്നെ ചതുരംഗസേനയോടൊപ്പം മിഥിലയിലേക്ക് പുറപ്പെട്ടു. വന്നുചേർന്ന ദശരഥനെ വിധിയാംവണ്ണം സത്കരിച്ച് ജനകൻ പരമമായ ആനന്ദത്തെ പ്രാപിച്ചു. ഊർമിളയെ ലക്ഷ്മണന് നല്കാമെന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്തു. അനന്തരം ദൂതന്മാരെ അയച്ച് സഹോദരനായ കുശധ്വജനെ സ്വന്തം പുരത്തിലേക്ക് ആനയിച്ചു, അദ്ദേഹത്തിനും വിവാഹപ്രായമായ മാണ്ഡവി, ശ്രുതകീർത്തി എന്നു പേരായ രണ്ടു കന്യകമാരും ഉണ്ടായിരുന്നു. പിന്നീട് എല്ലായിടത്തും വിവാഹത്തിനു ഉചിതമായ ആഘോഷങ്ങൾ നടന്നു വരുമ്പോൾ ഇക്ഷ്വാകുകുലത്തിന്റെ പുരോഹിതനായ ഭഗവാൻ വസിഷ്ഠൻ വംശാവലിയെ പുകഴ്ത്തിക്കൊണ്ട് കന്യകമാരെ നാലു രാജകുമാരന്മാർക്കായിക്കൊണ്ട് വരിച്ചു. മുനിസദസ്സിൽ ജ്വലിക്കുന്ന അഗ്നിയെ സാക്ഷി നിർത്തി മന്ത്രജലത്തിനു തുല്യം ആനന്ദക്കണ്ണീർ ഒഴുക്കി രാജാവ് തന്റേയും സഹോദരന്റേയും ആ കന്യകമാരെ നാലു രാജപുത്രന്മാർക്കായിക്കൊണ്ട് സന്തോഷത്തോടെ നല്കുവാൻ തീരുമാനിച്ചു. ആ രാജപുത്രന്മാർ വസിഷ്ഠന്റെ അനുമതിയോടെ ആ കന്യകമാരെ സ്വീകരിച്ചു. രാമൻ സീതയേയും, ലക്ഷ്മണൻ ഊർമിളയേയും, ഭരതൻ മാണ്ഡവിയേയും, ശത്രുഘ്നൻ ശ്രുതകീർത്തിയേയും എന്നിവണ്ണം അവരവർക്ക് അനുരൂപരായ വധുവിനെ ലഭിച്ച് വളരെ ശോഭിച്ചു. വിധിപോലെ വിവാഹം കഴിഞ്ഞ കുമാരന്മാരോടൊപ്പം ദശരഥ മഹാരാജാവ് ബന്ധുക്കളോടൊപ്പം ജനകനോട് യാത്ര പറഞ്ഞ് സ്വന്തം പുരത്തിലേക്ക് പോയി.

**सन्धिच्छेदः**

तमभ्युदयमभिनन्द्य-तम् अभ्युदयम् अभिनन्द्य। प्रदास्यामीति-प्रदास्यामि इति। स्वपुरमानाययत्-स्वपुरम् आनाययत्। यस्यापि-यस्य अपि। माण्डवीश्रुतकीर्तिनामधेयमवर्तत-माण्डवीश्रुतकीर्तिनामधेयम् अवर्तत। ज्वलतोऽग्नेः-ज्वलतः अग्नेः। मन्त्रोदकैरानन्दाश्रूणि-मन्त्रोदकैः आनन्दाश्रूणि। महीपतेरात्मनः-महीपतेः आत्मनः। भ्रातुश्च-भ्रातुः च। ताश्चतस्रः-ताः चतस्रः। चात्मनोऽनुरूपां-च आत्मनः अनुरूपाम्। विधिवन्निर्वर्तितविवाहैः-विधिवत् निर्वर्तितविवाहैः। जनकमापृच्छ्य-जनकम् आपृच्छ्य।

स्वगुरोरीश्वरस्य धनू रामेण भग्नमिति जातकोपो जामदग्न्यो रामः पावक इव ज्वलन्मध्येमार्गमाजगाम। त्रिःसप्तकृत्वो मेदिनीं निक्षत्रियां कृतवतस्तस्य दर्शनमात्रेण दशरथस्य हृदयं चकम्पे। मधुराणि सामवचनानि वदतो मुनीनगणयन् जामदग्न्यो राघवमनुगम्य 'मया समानीतेऽस्मिन् धनुषि ते विक्रमः प्रकाशताम्' इति भाषमाणो वैष्णवं धनूरत्नमर्पयामास। राघवो लीलया तद्गृहीत्वा तस्मिन्नमोघं शरं सन्दधे। चिरं स्वतपसाऽर्जितेषु लोकेषु शरप्रभावेण संहृतेषु भग्नदर्पो जामदग्न्यः पुनरपि तपसे महेन्द्रपर्वतं प्रययौ।

സ്വഗുരോരീശ്വരസ്യ ധനൂ രാമേണ ഭഗ്നമിതി ജാതകോപോ ജാമദഗ്ന്യോ രാമഃ പാവക ഇവ ജ്വലന്മധ്യേമാർഗമാജഗാമ. ത്രിസപ്തകൃത്വോ മേദിനീം നിക്ഷത്രിയാം കൃതവതസ്തസ്യ ദർശന മാത്രേണ ദശരഥസ്യ ഹൃദയം ചകമ്പേ. മധുരാണി സാമവചനാനി വദതോ മുനീനഗണയൻ ജാമദഗ്ന്യോ രാഘവമനുഗമ്യ മയാ സമാനീതേസ്മിൻ ധനുഷി തേ വിക്രമഃ പ്രകാശതാം ഇതി ഭാഷമാണോ വൈഷ്ണവം ധനൂരത്നമർപയാമാസ. രാഘവോ ലീലയാ തദ്ഗൃഹീത്വാ തസ്മിന്ന മോഘം ശരം സന്ദധേ. ചിരം സ്വതപസാർജിതേഷു ലോകേഷു ശരപ്രഭാവേണ സംഹൃതേഷു ഭഗ്നദർപോ ജാമദഗ്ന്യഃ പുനരപി തപസേ മഹേന്ദ്രപർവതം പ്രയയൗ.

സ്വന്തം ഗുരുവായ പരമശിവന്റെ വില്ല് രാമൻ ഒടിച്ചു എന്നതു നിമിത്തം കോപാവിഷ്ടനായ ജമദഗ്നിപുത്രനായ രാമൻ (പരശുരാമൻ) അഗ്നിയെന്നപോലെ ജ്വലിച്ചുകൊണ്ട് വഴിയാത്രക്കിടയിൽ വന്നു. ഇരുപത്തൊന്നു പ്രാവശ്യം ഭൂമിയെ ക്ഷത്രിയന്മാരില്ലാത്തവളാക്കിത്തീർത്ത അദ്ദേഹത്തെ കണ്ടമാത്രയിൽ ദശരഥന്റെ ഹൃദയം വിറച്ചു. മധുരമായി നിറവാർന്ന വാക്കുകൾ പറയുന്ന മുനിമാരെ കണക്കിലെടുക്കാതെ പരശുരാമൻ രാമനെ സമീപിച്ച് എന്നാൽ കൊണ്ടുവരപ്പെട്ടതായ ഈ വില്ലിൽ നിന്റെ കരുത്ത് കാണിച്ചാലും എന്നു പറഞ്ഞുകൊണ്ട് വൈഷ്ണവമായ ശ്രേഷ്ഠമായ വില്ലു നല്കി. രാമൻ കളിയെന്ന ലാഘവത്തോടെ അതെടുത്ത് അതിൽ സഫലമായ അസ്ത്രം തൊടുത്തു. വളരെക്കാലമായി സ്വന്തം തപസ്സുകൊണ്ട് നേടിയെടുത്ത ലോകങ്ങൾ അസ്ത്രശക്തി കൊണ്ടു സംഹരിച്ചപ്പോൾ അഹങ്കാരം നഷ്ടപ്പെട്ടവനായ പരശുരാമൻ വീണ്ടും തപസ്സിനായി മഹേന്ദ്രപർവ്വതത്തിലേക്ക് പോയി.

### सन्धिच्छेदः

स्वगुरोरीश्वरस्य-स्वगुरोः ईश्वरस्य। धनू रामेण-धनुः रामेण। भग्नमिति-भग्नम् इति। पावक इव-पावकः इव। ज्वलन्मध्येमार्गमाजगाम-ज्वलन् मध्येमार्गम् आजगाम। कृतवतस्तस्य-कृतवतः तस्य। मुनीनगणयन्-मुनीन् अगणयन्। राघवमनुगम्य-राघवम् अनुगम्य। समानीतेऽस्मिन्-समानीते अस्मिन्। धनूरत्नमर्पयामास-धनूरत्नम् अर्पयामास। तस्मिन्नमोघं-तस्मिन् अमोघम्। स्वतपसार्जितेषु-स्वतपसा आर्जितेषु। पुनरपि-पुनः अपि।

गते जामदग्न्ये प्रमुदितो दशरथः सहानुयायिभिर्लङ्घिताध्वा सुरेन्द्रसदनमिव विराजमानं स्वमन्दिरं सम्प्राप। ते च महात्मानो राजसूनवः कृतदारकर्माणः परमया भक्त्या पितरं शुश्रूषमाणाः तस्य महतीं प्रीतिमुत्पादयामासुः। राजमहिष्यः सर्वा अपि गुणगरीयसीः स्नुषाः प्रतिपद्य नितरां जहृषुः। रामोऽपि तया सर्वगुणसम्पन्नया सीतया समेयिवान्, श्रियेव श्रीपतिः, सुतरां विरेजे। तयोश्च तादृशं प्रेम संजज्ञे, यथा हृदयं हृदयेन व्यक्तमाचख्ये। भ्रातरश्च रामे दृढानुरक्ता मातृभिरुपलाल्यमाना आनन्दस्य परां सीमामध्यगच्छन्।

ഗതേ ജാമദഗ്ന്യേ പ്രമുദിതോ ദശരഥഃ സഹാനുയായിഭിർലംഘിതാധ്വാ സുരേന്ദ്രസദനമിവ വിരാജമാനം സ്വമന്ദിരം സംപ്രാപ. തേ ച മഹാത്മാനോ രാജസൂനവഃ കൃതദാരകർമാണഃ പരമയാ ഭക്ത്യാ പിതരം ശുശ്രൂഷമാണാഃ തസ്യ മഹതീ പ്രീതിമുത്പാദയാമാസുഃ. രാജമഹിഷ്യഃ സർവാ അപി ഗുണഗരീയസീഃ സ്നുഷാഃ പ്രതിപദ്യ നിതരാം ജഹൃഷുഃ. രാമോപി തയാ സർവഗുണസമ്പന്നയാ സീതയാ സമേയിവാൻ, ശ്രിയേവ ശ്രീപതിഃ സുതരാം വിരേജേ. തയോശ്ച താദൃശം പ്രേമ സംജജ്ഞേ, യഥാ ഹൃദയം ഹൃദയേന വ്യക്തമാചഖ്യേ. ഭ്രാതരശ്ച രാമേ ദൃഢാനുരക്താ മാതൃഭിരുപലാല്യമാനാ ആനന്ദസ്യ പരാം സീമാമധ്യഗച്ഛൻ.

പരശുരാമൻ പോയപ്പോൾ സന്തുഷ്ടനായ ദശരഥൻ തന്റെ അനുയായികളോടൊപ്പം മാർഗ്ഗങ്ങൾ താണ്ടി ദേവേന്ദ്രന്റെ കൊട്ടാരം കണക്കെ ശോഭിക്കുന്ന സ്വന്തം കൊട്ടാരത്തിലെത്തി. വിവാഹകർമ്മങ്ങളെല്ലാം നിറവേറിയ ആ മഹാത്മാക്കളായ രാജകുമാരന്മാർ വളരെ ഭക്തിയോടെ പിതാവിന്റെ കാര്യങ്ങളിൽ ശ്രദ്ധാലുക്കളായിട്ട് അദ്ദേഹത്തിന് വലിയ സന്തോഷത്തെ ഉളവാക്കുകയും ചെയ്തു. രാജാവിന്റെ എല്ലാ ഭാര്യമാരും ശ്രേഷ്ഠഗുണവതികളായ മരുമക്കളെ ലഭിച്ചതിൽ അത്യധികം സന്തോഷിച്ചു. രാമനും എല്ലാ ഗുണഗണങ്ങളോടും കൂടിയ സീതയോട് ചേർന്ന് ലക്ഷ്മിയോടൊപ്പമുള്ള വിഷ്ണുവിനെപ്പോലെ അത്യധികം ശോഭിച്ചു. എപ്രകാരമാണോ ഹൃദയം ഹൃദയത്തോട് ഒന്നാകുന്നത് അപ്രകാരം അവർക്ക് പരസ്പരം സ്നേഹമുണ്ടായിരുന്നു. സഹോദരന്മാരാകട്ടെ രാമനിൽ ഉറച്ച സ്നേഹമുള്ളവരും അമ്മമാരാൽ ലാളിക്കപ്പെട്ടവരുമായിട്ട് ആനന്ദത്തിന്റെ പരമമായ സീമയെ പ്രാപിച്ചു.

**सन्धिच्छेदः**

सहानुयायिभिर्लङ्घिताध्वा-सहानुयायिभिः लङ्घिताध्वा। सुरेन्द्रसदनमिव-सुरेन्द्रसदनम् इव। प्रीतिमुत्पादयामासुः-प्रीतिम् उत्पादयामासुः। रामोऽपि-रामः अपि। श्रियेव-श्रिया इव। तयोश्च-तयोः च। व्यक्तमाचख्ये-व्यक्तम् आचख्ये। भ्रातरश्च-भ्रातरः च। मातृभिरुपलाल्यमाना-मातृभिः उपलाल्यमाना। सीमामध्यगच्छन्-सीमाम् अध्यगच्छन्।

**पितृभक्ताय सततं भ्रातृभिः सह सीतया।**
**नन्दिताखिललोकाय रामभद्राय मङ्गलम्।।**

പിതൃഭക്തായ സതതം ഭ്രാതൃഭിഃ സഹ സീതയാ
നന്ദിതാഖിലലോകായ രാമഭദ്രായ മംഗളം.

എല്ലായ്പ്പോഴും സഹോദരന്മാരോടും സീതയോടും കൂടിയവനും പിതൃഭക്തനും ലോകത്തെ മുഴുവൻ ആനന്ദിപ്പിക്കുന്നവനും ആയ രാമഭദ്രനായിക്കൊണ്ട് മംഗളം.

**बालकाण्डः समाप्तः।।**

ബാലകാണ്ഡഃ സമാപ്തഃ

# MODULE II

**BASIC GRAMMAR**

1. Declensions of Vrksa, Lata, Vanam, Pitr and Kavi.
2. Conjugations of Bhu Dhatu in Lat, Lang, Lrt, Lit and Lot.

**Essential Reading**:-

Sidharupa

**Additional reading**

1. Sabdamanjari.
2. Dhatumanjari.
3. Balabodhanam by Rajarshi Ramavarma Thampuran, published by Govt. Sanskrit College, Thrippunithura.
4. Laghusamskrtam – by Dr. K. G. Poulose, Current Books, Kottayam.

## BASIC GRAMMAR

## DECLENSIONS OF VRKSHA, LATA, VANAM, PITR AND KAVI

### अकारान्तः पुल्लिङ्गः वृक्षशब्दः

**(അകാരാന്തം പുല്ലിംഗം വൃക്ഷശബ്ദം)**

| विभक्तिः<br>വിഭക്തി | एकवचनम्<br>ഏകവചനം | द्विवचनम्<br>ദ്വിവചനം | बहुवचनम्<br>ബഹുവചനം |
|---|---|---|---|
| प्रथमा<br>പ്രഥമാ | वृक्षः<br>വൃക്ഷഃ | वृक्षौ<br>വൃക്ഷൗ | वृक्षाः<br>വൃക്ഷാഃ |
| सम्बोधनप्रथमा<br>സംബോധന പ്രഥമാ | हे वृक्ष<br>ഹേ വൃക്ഷ | हे वृक्षौ<br>ഹേ വൃക്ഷൗ | हे वृक्षाः<br>ഹേ വൃക്ഷാഃ |
| द्वितीया<br>ദ്വിതീയാ | वृक्षम्<br>വൃക്ഷം | वृक्षौ<br>വൃക്ഷൗ | वृक्षान्<br>വൃക്ഷാൻ |
| तृतीया<br>തൃതീയാ | वृक्षेण<br>വൃക്ഷേണ | वृक्षाभ्यां<br>വൃക്ഷാഭ്യാം | वृक्षैः<br>വൃക്ഷൈഃ |
| चतुर्थी<br>ചതുർത്ഥീ | वृक्षाय<br>വൃക്ഷായ | वृक्षाभ्यां<br>വൃക്ഷാഭ്യാം | वृक्षेभ्यः<br>വൃക്ഷേഭ്യഃ |
| पञ्चमी<br>പഞ്ചമീ | वृक्षात्<br>വൃക്ഷാത് | वृक्षाभ्यां<br>വൃക്ഷാഭ്യാം | वृक्षेभ्यः<br>വൃക്ഷേഭ്യഃ |
| षष्ठी<br>ഷഷ്ഠീ | वृक्षस्य<br>വൃക്ഷസ്യ | वृक्षयोः<br>വൃക്ഷയോഃ | वृक्षाणाम्<br>വൃക്ഷാണാം |
| सप्तमी<br>സപ്തമീ | वृक्षे<br>വൃക്ഷേ | वृक्षयोः<br>വൃക്ഷയോഃ | वृक्षेषु<br>വൃക്ഷേഷു |

## आकारान्तः स्त्रीलिङ्गः लताशब्दः
**(ആകാരാന്തം സ്ത്രീലിംഗം ലതാശബ്ദം)**

| विभक्तिः<br>വിഭക്തി | एकवचनम्<br>ഏകവചനം | द्विवचनम्<br>ദ്വിവചനം | बहुवचनम्<br>ബഹുവചനം |
|---|---|---|---|
| प्रथमा<br>പ്രഥമാ | लता<br>ലതാ | लते<br>ലതേ | लताः<br>ലതാഃ |
| सम्बोधनप्रथमा<br>സംബോധന പ്രഥമാ | हे लते<br>ഹേ ലതേ | हे लते<br>ഹേ ലതേ | हे लताः<br>ഹേ ലതാഃ |
| द्वितीया<br>ദ്വിതീയാ | लताम्<br>ലതാം | लते<br>ലതേ | लताः<br>ലതാഃ |
| तृतीया<br>തൃതീയാ | लतया<br>ലതയാ | लताभ्यां<br>ലതാഭ്യാം | लताभिः<br>ലതാഭിഃ |
| चतुर्थी<br>ചതുര്‍ത്ഥീ | लतायै<br>ലതായൈ | लताभ्यां<br>ലതാഭ്യാം | लताभ्यः<br>ലതാഭ്യഃ |
| पञ्चमी<br>പഞ്ചമീ | लतायाः<br>ലതായാഃ | लताभ्यां<br>ലതാഭ്യാം | लताभ्यः<br>ലതാഭ്യഃ |
| षष्ठी<br>ഷഷ്ഠീ | लतायाः<br>ലതായാഃ | लतयोः<br>ലതയോഃ | लतानाम्<br>ലതാനാം |
| सप्तमी<br>സപ്തമീ | लतायाम्<br>ലതായാം | लतयोः<br>ലതയോഃ | लतासु<br>ലതാസു |

## अकारान्तः नपुंसकलिङ्गः वनशब्दः
**(അകാരാന്തം നപുംസകലിംഗം വനശബ്ദം)**

| विभक्तिः<br>വിഭക്തി | एकवचनम्<br>ഏകവചനം | द्विवचनम्<br>ദ്വിവചനം | बहुवचनम्<br>ബഹുവചനം |
|---|---|---|---|
| प्रथमा<br>പ്രഥമാ | वनम्<br>വനം | वने<br>വനേ | वनानि<br>വനാനി |
| सम्बोधनप्रथमा<br>സംബോധന പ്രഥമാ | हे वन<br>ഹേ വന | हे वने<br>ഹേ വനേ | हे वनानि<br>ഹേ വനാനി |
| द्वितीया<br>ദ്വിതീയാ | वनम्<br>വനം | वने<br>വനേ | वनानि<br>വനാനി |

| | | | |
|---|---|---|---|
| तृतीया<br>തൃതീയാ | वनेन<br>വനേന | वनाभ्यां<br>വനാഭ്യാം | वनैः<br>വനൈഃ |
| चतुर्थी<br>ചതുർത്ഥീ | वनाय<br>വനായ | वनाभ्यां<br>വനാഭ്യാം | वनेभ्यः<br>വനേഭ്യഃ |
| पञ्चमी<br>പഞ്ചമീ | वनात्<br>വനാത് | वनाभ्यां<br>വനാഭ്യാം | वनेभ्यः<br>വനേഭ്യഃ |
| षष्ठी<br>ഷഷ്ഠീ | वनस्य<br>വനസ്യ | वनयोः<br>വനയോഃ | वनानाम्<br>വനാനാം |
| सप्तमी<br>സപ്തമീ | वने<br>വനേ | वनयोः<br>വനയോഃ | वनेषु<br>വനേഷു |

## ऋकारान्तः पुल्लिङ्गः पितृशब्दः
### (ഋകാരാന്തം പുല്ലിംഗം പിതൃശബ്ദം)

| विभक्तिः<br>വിഭക്തി | एकवचनम्<br>ഏകവചനം | द्विवचनम्<br>ദ്വിവചനം | बहुवचनम्<br>ബഹുവചനം |
|---|---|---|---|
| प्रथमा<br>പ്രഥമാ | पिता<br>പിതാ | पितरौ<br>പിതരൗ | पितरः<br>പിതരഃ |
| सम्बोधनप्रथमा<br>സംബോധന പ്രഥമാ | हे पितः<br>ഹേ പിതഃ | हे पितरौ<br>ഹേ പിതരൗ | हे पितरः<br>ഹേ പിതരഃ |
| द्वितीया<br>ദ്വിതീയാ | प्तरम्<br>പിതരം | पितरौ<br>പിതരൗ | पितॄन्<br>പിതൄൻ |
| तृतीया<br>തൃതീയാ | पित्रा<br>പിത്രാ | पितृभ्यां<br>പിതൃഭ്യാം | पितृभिः<br>പിതൃഭിഃ |
| चतुर्थी<br>ചതുർത്ഥീ | पित्रे<br>പിത്രേ | पितृभ्यां<br>പിതൃഭ്യാം | पितभ्यः<br>പിതൃഭ്യഃ |
| पञ्चमी<br>പഞ്ചമീ | पितुः<br>പിതുഃ | पितृभ्यां<br>പിതൃഭ്യാം | पितृभ्यः<br>പിതൃഭ്യഃ |
| षष्ठी<br>ഷഷ്ഠീ | पितुः<br>പിതുഃ | पित्रोः<br>പിത്രോഃ | पितॄणाम्<br>പിതൄണാം |
| सप्तमी<br>സപ്തമീ | पितरि<br>പിതരി | पित्रोः<br>പിത്രോഃ | पितृषु<br>പിതൃഷു |

## इकारान्तः पुल्लिङ्गः कविशब्दः
## (ഇകാരാന്തം പുല്ലിംഗം കവിശബ്ദം)

| विभक्तिः<br>വിഭക്തി | एकवचनम्<br>ഏകവചനം | द्विवचनम्<br>ദ്വിവചനം | बहुवचनम्<br>ബഹുവചനം |
|---|---|---|---|
| प्रथमा<br>പ്രഥമാ | कविः<br>കവിഃ | कवी<br>കവീ | कवयः<br>കവയഃ |
| सम्बोधनप्रथमा<br>സംബോധന പ്രഥമാ | हे कवे<br>ഹേ കവേ | हे कवी<br>ഹേ കവീ | हे कवयः<br>ഹേ കവയഃ |
| द्वितीया<br>ദ്വിതീയാ | कविम्<br>കവിം | कवी<br>കവീ | कवीन्<br>കവീൻ |
| तृतीया<br>തൃതീയാ | कविना<br>കവിനാ | कविभ्यां<br>കവിഭ്യാം | कविभिः<br>കവിഭിഃ |
| चतुर्थी<br>ചതുർത്ഥീ | कवये<br>കവയേ | कविभ्यां<br>കവിഭ്യാം | कविभ्यः<br>കവിഭ്യഃ |
| पञ्चमी<br>പഞ്ചമീ | कवेः<br>കവേഃ | कविभ्यां<br>കവിഭ്യാം | कविभ्यः<br>കവിഭ്യഃ |
| षष्ठी<br>ഷഷ്ഠീ | कवेः<br>കവേഃ | कव्योः<br>കവ്യോഃ | कवीनाम्<br>കവീനാം |
| सप्तमी<br>സപ്തമീ | कवौ<br>കവൗ | कव्योः<br>കവ്യോഃ | कविषु<br>കവിഷു |

**नकारान्तः पुंलिङ्गः 'राजन्' शब्दः (king)**

| | | | |
|---|---|---|---|
| **प्र.** | राजा | राजानौ | राजानः |
| **सं. प्र** | हे राजन् | हे राजानौ | हे राजानः |
| **द्वि.** | राजानम् | राजानौ | राज्ञः |
| **तृ.** | राज्ञा | राजभ्यां | राजभिः |
| **च.** | राज्ञे | राजभ्यां | राजभ्यः |
| **प.** | राज्ञः | राजभ्यां | राजभ्यः |
| **ष.** | राज्ञः | राज्ञोः | राज्ञां |
| **स.** | राज्ञि-राजनि | राज्ञोः | राजसु |

## दकारान्तः पुंलिङ्गः 'तद्' शब्दः (He, that)

| | | | |
|---|---|---|---|
| **प्र.** | सः | तौ | ते |
| **द्वि.** | तम् | तौ | तान् |
| **तृ.** | तेन | ताभ्यां | तैः |
| **च.** | तस्मै | ताभ्याम् | तेभ्यः |
| **प.** | तस्मात् | ताभ्यां | तेभ्यः |
| **ष.** | तस्य | तयोः | तेषां |
| **स.** | तस्मिन् | तेयोः | तेषु |

**IV** दकारान्तः 'अस्मद्', शब्दः लिङ्त्रय सरूपः।

(Similar in the three genders) (മൂന്ന് ലിംഗങ്ങളിലും ഒരുപോലെ)

| विभक्तिः | एकवचनम् | द्विवचनम् | बहुवचनम् |
|---|---|---|---|
| प्रथमा | अहम् | आवाम् | वयम् |
| द्वितीया | माम् /मा | आवाम्/नौ | अस्मान् / नः |
| तृतीया | मया | आवाभ्यां | अस्माभिः |
| चतुर्थी | मह्यम् / मे | आवाभ्याम् / नौ | अस्मभ्यम् / नः |
| पञ्चमी | मत् | आवाभ्याम् | अस्मात् |
| षष्ठी | मम /मे | आवयोः / नौ | अस्माकं/नः |
| सप्तमी | मयि | आवयोः | अस्मासु। |

'द'कारान्तः 'युष्मद्' शब्दः लिङ्गत्रये सरूपः। (Similar in the three genders)

| विभक्तिः | एकवचनम् | द्विवचनम् | बहुवचनम् |
|---|---|---|---|
| प्रथमा | त्वम् | युवाम् | यूयम् |
| द्वितीया | त्वाम्/त्वा | युवाम् / वाम् | युष्मान् / वः |
| तृतीया | त्वया | युवाभ्याम् | युष्माभिः |
| चतुर्थी | तुभ्यम् / ते | युवाभ्याम् / वाम् | युष्मभ्यम् / वः |
| पञ्चमी | त्वत् | युवाभ्याम् | युष्मत् |
| षष्ठी | तव/ते | युवयोः/वाम् | युष्माकम्/वः |
| सप्तमी | त्वयि | युवयोः | युष्मासु |

**दकारान्तः स्त्रीलिङ्गः 'तद्' शब्दः (She, that)**

| | | | |
|---|---|---|---|
| **प्र.** | सा | ते | ताः |
| **द्वि.** | ताम् | ते | ताः |
| **तृ.** | तया | ताभ्यां | ताभिः |
| **च.** | तस्यै | ताभ्याम् | ताभ्यः |
| **प.** | तस्याः | ताभ्यां | ताभ्यः |
| **ष.** | तस्याः | तयोः | तासाम् |
| **स.** | तस्मिन् | तेयोः | तेसु |

## दकारान्तः स्त्रीलिङ्गः 'तद्' शब्दः (She, that)

| | | | |
|---|---|---|---|
| प्र. | तत् | ते | तानि |
| द्वि. | तत् | ते | तानि |

शेषं पुंवत्।

### मकारान्तः स्त्रिलिङ्गः 'इदम्' शब्दः (This)

| | | | |
|---|---|---|---|
| प्र. | इयम् | इमे | इमाः |
| द्वि. | इमाम्- एनाम् | इमे-एने, | इमाः- एनाः |
| तृ. | अनया-एनया, | आभ्यां | आभिः |
| च. | अस्यै | आभ्यां | आभ्यः |
| प. | अस्याः | आभ्यां | आभ्यः |
| ष. | अस्याः | अनयोः-एनयोः, | आसाम् |
| स. | अस्याम् | अनयोः-एनयोः, | आसु |

### मकारान्तः नपुंसकलिङ्गः 'इदम्' शब्दः (This)

| | | | |
|---|---|---|---|
| प्र. | इदम् | इमे | इमानि |
| द्वि. | इदम्-एनत् | इमे-एने, | इमानि-एनानि |

शेषं पुंवत्

### मकारान्तः स्त्रिलिङ्गः 'इदम्' शब्दः (This)

| | | | |
|---|---|---|---|
| प्र. | असौ | अमू | अमी |
| द्वि. | अमुम् | अमू | अमून् |

| | | | |
|---|---|---|---|
| तृ. | अमुना | अमूभ्यां | अमीभिः |
| च. | अमुष्मै | अमूभ्यां | अमीभ्यः |
| प. | अमुष्मात् | अमूभ्यां | अमीभ्यः |
| ष. | अमुष्य | अमुयोः | अमीषाम् |
| स. | अमुष्मिन् | अमुयोः | अमीषु |

## CONJUGATIONS OF BHU DHATU IN LAT, LANG, LRT, LIT AND LOT

### भू धातुः लट् लकारः
(ഭൂധാതു ലട് ലകാരം)

| पुरुषः<br>പുരുഷഃ | एकवचनम्<br>ഏകവചനം | द्विवचनम्<br>ദ്വിവചനം | बहुवचनम्<br>ബഹുവചനം |
|---|---|---|---|
| प्रथमपुरुषः<br>പ്രഥമപുരുഷഃ | भवति<br>ഭവതി | भवतः<br>ഭവതഃ | भवन्ति<br>ഭവന്തി |
| मध्यमपुरुषः<br>മദ്ധ്യമപുരുഷഃ | भवसि<br>ഭവസി | भवथः<br>ഭവഥഃ | भवथ<br>ഭവഥ |
| उत्तमपुरुषः<br>ഉത്തമപുരുഷഃ | भवामि<br>ഭവാമി | भवावः<br>ഭവാവഃ | भवामः<br>ഭവാമഃ |

### भू धातुः लङ् लकारः
(ഭൂധാതു ലങ് ലകാരം)

| पुरुषः<br>പുരുഷഃ | एकवचनम्<br>ഏകവചനം | द्विवचनम्<br>ദ്വിവചനം | बहुवचनम्<br>ബഹുവചനം |
|---|---|---|---|
| प्रथमपुरुषः<br>പ്രഥമപുരുഷഃ | अभवत्<br>അഭവത് | अभवताम्<br>അഭവതാം | अभवन्<br>അഭവൻ |
| मध्यमपुरुषः<br>മദ്ധ്യമപുരുഷഃ | अभवः<br>അഭവഃ | अभवतम्<br>അഭവതം | अभवत<br>അഭവത |
| उत्तमपुरुषः<br>ഉത്തമപുരുഷഃ | अभवम्<br>അഭവം | अभवाव<br>അഭവാവ | अभवाम<br>അഭവാമ |

## भू धातुः लृट् लकारः
**(ഭൂധാതു ലൃട് ലകാരം)**

| पुरुषः<br>പുരുഷഃ | एकवचनम्<br>ഏകവചനം | द्विवचनम्<br>ദ്വിവചനം | बहुवचनम्<br>ബഹുവചനം |
|---|---|---|---|
| प्रथमपुरुषः<br>പ്രഥമപുരുഷഃ | भविष्यति<br>ഭവിഷ്യതി | भविष्यतः<br>ഭവിഷ്യതഃ | भविष्यन्ति<br>ഭവിഷ്യന്തി |
| मध्यमपुरुषः<br>മദ്ധ്യമപുരുഷഃ | भविष्यसि<br>ഭവിഷ്യസി | भविष्यथः<br>ഭവിഷ്യഥഃ | भविष्यथ<br>ഭവിഷ്യഥ |
| उत्तमपुरुषः<br>ഉത്തമപുരുഷഃ | भसिष्यामि<br>ഭവിഷ്യാമി | भविष्यावः<br>ഭവിഷ്യാവഃ | भविष्यामः<br>ഭവിഷ്യാമഃ |

## भू धातुः लिट् लकारः
**(ഭൂധാതു ലിട് ലകാരം)**

| पुरुषः<br>പുരുഷഃ | एकवचनम्<br>ഏകവചനം | द्विवचनम्<br>ദ്വിവചനം | बहुवचनम्<br>ബഹുവചനം |
|---|---|---|---|
| प्रथमपुरुषः<br>പ്രഥമപുരുഷഃ | बभूव<br>ബഭൂവ | बभूवतुः<br>ബഭൂവതുഃ | बभूवुः<br>ബഭൂവുഃ |
| मध्यमपुरुषः<br>മദ്ധ്യമപുരുഷഃ | बभूविथ<br>ബഭൂവിഥ | बभूवथुः<br>ബഭൂവഥുഃ | बभूव<br>ബഭൂവ |
| उत्तमपुरुषः<br>ഉത്തമപുരുഷഃ | बभूव<br>ബഭൂവ | बभूविव<br>ബഭൂവിവ | बभूविम<br>ബഭൂവിമ |

## भू धातुः लोट् लकारः
**(ഭൂധാതു ലോട് ലകാരം)**

| पुरुषः<br>പുരുഷഃ | एकवचनम्<br>ഏകവചനം | द्विवचनम्<br>ദ്വിവചനം | बहुवचनम्<br>ബഹുവചനം |
|---|---|---|---|
| प्रथमपुरुषः<br>പ്രഥമപുരുഷഃ | भवतु, भवतात्<br>ഭവതു, ഭവതാത് | भवताम्<br>ഭവതാം | भवन्तु<br>ഭവന്തു |
| मध्यमपुरुषः<br>മദ്ധ്യമപുരുഷഃ | भव, भवतात्<br>ഭവ, ഭവതാത് | भवतम्<br>ഭവതം | भवत<br>ഭവത |
| उत्तमपुरुषः<br>ഉത്തമപുരുഷഃ | भवानि<br>ഭവാനി | भवाव<br>ഭവാവ | भवाम<br>ഭവാമ |